# അൽ ഹഖ്

AHMADIYYA NEWS BULLETTIN

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA | ജൂലൈ 2008 | PRIVATE CIRCULATION



രണ്ടാം പേജിൽ —  സദർ സാഹിബ് യുവാക്കളോട്

മൂന്നാം പേജിൽ — അഹ്മദികൾ നിത്യപീഡിതർ — ഹമീദ് ചേന്ദമംഗലൂർ

ആറാം പേജിൽ —  ഇറാനിലേക്ക് അഭയാർത്ഥി പ്രവാഹം

ഏഴാം പേജിൽ — പുരോഗതിയുടെ പുതുവഴികൾ

എട്ടാം പേജിൽ — ആഫിയ സിദ്ദീഖിയുടെ തിരോധാനം 


# മുഹയ്മിൻ: അല്ലാഹുവിന്റെ ഗുണനാമം

## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്)

ഖുർആനെക്കുറിച്ചുള്ള അല്ലാഹുവിന്റെ ഈ സംരക്ഷണവാഗ്ദാനം, മുൻഗ്രന്ഥങ്ങളിലുള്ളതിൽ എന്തിനെയെല്ലാമാണോ വിശുദ്ധ ഖുർആൻ സത്യപ്പെടുത്തുന്നത് അതുമാത്രമായിരിക്കും സത്യമായ കാര്യങ്ങൾ എന്ന് വിളിച്ചോതുന്നു. അമുസ്ലിംകൾ വിശുദ്ധ ഖുർആനിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സ്വീകരിക്കുകയോ സ്വീകരിക്കാതിരിക്കുകയോ ചെയ്തുകൊള്ളട്ടെ, പക്ഷേ മതകാര്യങ്ങളിൽ താൽപര്യം കാണിക്കുന്ന അവരിലെ ഒരു വലിയ വിഭാഗം വിശ്വസിക്കുന്നത് തങ്ങളുടെ ഗ്രന്ഥങ്ങൾ നൂറുശതമാനവും യഥാർത്ഥ നിലയിലുള്ളതല്ലെന്നാണ്. നൂറുശതമാനവും അതനുസരിച്ച് പ്രവർത്തിക്കാനുള്ള ശ്രമവും നടക്കുന്നില്ല. വിശുദ്ധഖുർആനെ സംബന്ധിച്ച് അതിറങ്ങിയ കാലം മുതൽ ഇന്നുവരെ അതിന്റെ യഥാർത്ഥനിലയിൽ നില്ക്കുന്നുവെന്നും അവർ സമ്മതിക്കുന്നു; ചിലർ ഇതിൽ സംശയങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. ഇതിനെക്കുറിച്ച് അമേരിക്കയിൽ നടത്തിയ ഒരു ഖുത്ബയിൽ ഞാൻ പറഞ്ഞിരുന്നു. അവർ നടത്തിയ ശ്രമങ്ങളെക്കുറിച്ച് ഇപ്പോൾ അന്വേഷണം നടന്നുവരികയാണ്. എന്നാൽ, ഇതുവരെ അവർക്ക് തങ്ങളുടെ വാദം സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. വിശുദ്ധഖുർആൻ ഇന്നും ശരിയായ നിലിയൽതന്നെയാണുള്ളതെന്ന് അവർ സമ്മതിക്കുന്നു. ഇക്കാര്യമാണ് വിശുദ്ധ ഖുർആന് മറ്റു ഗ്രന്ഥങ്ങളുടെമേൽ ശ്രേഷ്ഠത നല്കുന്നത്.



ഇന്ന് മുസ്ലിംകളിലെ ബഹുഭൂരിപക്ഷവും *സിറാത്തല്ലദീന അൻഅംത അലയ്ഹിം* എന്ന് പ്രാർത്ഥിക്കുന്നവരായിട്ടും അല്ലാഹുവിനാൽ നിയോഗിതനായ വ്യക്തിയെ നിഷേധിച്ചുകൊണ്ട് *മഗ്ളൂബിഅലയ്ഹിമി ന്റേയും ളാല്ലീന്റേയും* കാലടിപ്പാദങ്ങളെ പിൻപറ്റാൻ ശ്രമിക്കുകയാണ്. വാസ്തവത്തിൽ മറ്റുള്ളവരുടെ കാര്യങ്ങളും ഇനി തീരുമാനിക്കുന്നത് ഈ ഗ്രന്ഥമാണെന്ന് അറിയിച്ചുകൊണ്ട് നിങ്ങളും നിങ്ങളുടെ വിശ്വാസത്തെ പൂർണ്ണമാക്കാൻ ശ്രമിക്കണമെന്ന് മുസ്ലിംകളോട് അല്ലാഹു പറഞ്ഞിരുന്നു. വായകൊണ്ട് മാത്രമല്ല, വിശുദ്ധവചനങ്ങളെ ബാഹ്യമായനിലയിൽ ആദരിച്ചുകൊണ്ടുമാത്രവുമല്ല. മറിച്ച്, ഇതുസംബന്ധമായി വന്നിട്ടുള്ള പ്രവചനങ്ങളിൽ ചിന്തിച്ചുകൊണ്ട് തങ്ങളുടെ കാലത്ത് ഏതെങ്കിലും പ്രവചനം പൂർത്തിയായി കണ്ടാൽ അതിലും വിശ്വസിക്കേണ്ടതാണ്. ഇന്ന് ഈ ഈമാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചെങ്കിലേ പൂർണ്ണമാവുകയുള്ളൂ എന്ന് ഞാൻ പറയുകയുണ്ടായി. ഇതുകൂടാതെ അത് സാധ്യമല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: വിശുദ്ധ ഖുർആൻ മുൻകാല നബിമാരുടേയും ഗ്രന്ഥങ്ങളുടേയുംമേൽ ഔദാര്യം ചെയ്തിരിക്കുന്നു. കഥയുടെ രൂപത്തിലായിരുന്ന അവയുടെ അധ്യാപനങ്ങൾക്ക് വൈജ്ഞാനികമായ നിറം പകർന്നു. ഞാൻ സത്യമായും സത്യമായും പറയുന്നു, വിശുദ്ധ ഖുർആൻ പഠിക്കാത്തിടത്തോളം ആ കഥകളും വൃത്താന്തങ്ങളും മുഖേന ആരും മോക്ഷം പ്രാപിക്കുകയില്ല; കാരണം *ഇന്നഹൂ ലഖൗലുൻ ഫസ്ലുൻ വമാ ഹുവ ബിൽഹസ്ൽ* എന്നത് വിശുദ്ധഖുർആന്റെ തേജോവിലാസമാണ് (അതായത് നിശ്ചമായും ഇതൊരു ഖണ്ഡനവചനമാകുന്നു. ഇത് വിനോദവാക്കല്ല). ഈ വ്യവസ്ഥിതി മുഹയ്മിനും നൂറും ശഫായും റഹ്മത്തുമാകുന്നു. വിശുദ്ധഖുർആൻ പഠിക്കുകയും എന്നാൽ, അതിനെ കഥ എന്ന നിലയിൽ മനസ്സിലാക്കുകയും ചെയ്യുന്നവർ യഥാർത്ഥത്തിൽ അത് പഠിച്ചിട്ടില്ല. മറിച്ച്, അതിനെ അവഹേളിക്കുകയാണ് ചെയ്യുന്നത്. നമ്മുടെ എതിരാളികൾ എന്തുകൊണ്ടാണ് തങ്ങളുടെ എതിർപ്പുകളിൽ ഇത്രമാത്രം ഉശിരന്മാരാകുന്നത്. വിശുദ്ധഖുർആൻ അടിമുടി പ്രകാശവും തത്ത്വശാസ്ത്രവും ദൈവജ്ഞാനവുമാണെന്ന് അല്ലാഹു പറ

പേജ് 7-ൽ

# വീണ്ടും ലണ്ടൻ ജൽസ

പ്രത്യേക ലേഖകൻ

**ഹദീഖത്തുൽ മഹ്ദി (ലണ്ടൻ):** ആത്മീയതേജസ്സിന്റെ ജ്വലിക്കുന്ന സാക്ഷ്യപത്രവുമായി ലണ്ടൻ ജൽസ സമാപിച്ചു. ലണ്ടനിലെ ഇസ്ലാമാബാദിൽ ഹദീഖത്തുൽ മഹ്ദിയെന്നു നാമകരണം ചെയ്യപ്പെട്ട ജൽസാസ്ഥലത്ത് തങ്ങളുടെ ആത്മീയ നേതാവിന്റെ വാക്കുകൾകേട്ട് ആയിരങ്ങൾ നിർവൃതികൊണ്ടു. വർഷങ്ങളുടെ സപര്യയിലൂടെ അഹ്മദിയ്യത്ത് നേടിയെടുത്ത പുരോഗതിയുടെ വിശുദ്ധ പ്രഖ്യാപനങ്ങൾ ഹുസൂർ തിരുമനസ്സ് നടത്തിയപ്പോൾ ലോകമെമ്പാടുനിന്നുമെത്തിയ അഹ്മദികൾ ഹർഷപുളകിതരായി.



ജൂലൈ 25-ാം തിയ്യതി വൈകീട്ട് ഇസ്ലാമിക പതാക ഹുസൂർ തിരുമനസ്സ് ഉയർത്തിയതോടെ ജൽസ ആരംഭിച്ചു. ഉദ്ഘാടന പ്രസംഗത്തിൽ ഹുസൂർ ലോകമെമ്പാടുമുള്ള അഹ്മദീ സമൂഹത്തെ അഭിസംബോധന ചെയ്തു.

26-ാം തിയ്യതി വിവിധ സെഷനുകളിലായി ജ:റാവിൽ ബുകാറയേവ്, ജ: എൻ.ഏ. ഖമർ, ജ: അത്താഉൽ മുജിബ് റാശിദ് തുടങ്ങിയവർ സംസാരിച്ചു. ഇതേദിവസംതന്നെ ലജ്നയുടെ സമ്മേളനത്തെ ഹുസൂർ അഭിസംബോധന ചെയ്തു. 27-ാം തിയ്യതി നടന്ന സമ്മേളനത്തിൽ ജ: സയ്യദ് മുഹമ്മദ് ഷാ, യു.കെ. അമീർ റഫീഖ് അഹ്മദ് ഹയാത്ത്, ജ: മഹമ്മൂദ് അഹ്മദ് നാസിം തുടങ്ങിയവർ സംസാരിച്ചു.

27-ന് ആഗോള ബയ്അത്ത് നടന്നു. ഹുസൂർ തിരുമനസ്സ് മുമ്പാകെ ആയിരങ്ങൾ ലണ്ടൻ ജൽസാ വേദിയിൽ ബയ്അത്ത് ചെയ്തു. എം.ടി.എ വഴി ഇത് ലോകമെമ്പാടുമുള്ള ശതകോടി അഹ്മദികളും പിന്തുടർന്നു. തുടർന്ന് സമ്മേളനത്തിന്റെ ഔപചാരികമായ അന്ത്യം കുറിച്ചുകൊണ്ട് ഖലീഫത്തുൽ മസീഹ് ഖാമിസ് സംസാരിച്ചു.

# സർവ്വകക്ഷി റാലി അക്രമം: പ്രതികളെ കോടതിക്ക് കൈമാറി

**ഇന്തൊനേഷ്യ:** ജക്കാർത്തയിൽ നടന്ന സർവ്വകക്ഷി റാലിയെ ആക്രമിച്ച കേസിൽ അറസ്റ്റ് ചെയ്യപ്പെട്ട പ്രതികളെ പോലീസ് കോടതിക്ക് കൈമാറി. FPI നേതാവ് റിസീഖ് ഷിഹാബ്, KLI നേതാവ് മുനർമാൻ എന്നിവർ ഉൾപ്പെട്ട കേസിൽ 10 പേരെയാണ് കോടതിക്ക് കൈമാറിയത്. ജൂൺ 1-ന് നടന്ന 63-ാമത് ഇന്തോനേഷ്യൻ മനുഷ്യാവകാശ പ്രഖ്യാപന വാർഷികറാലിയിലാണ് അക്രമികൾ ഇരച്ചുകയറി 70-ഓളം പ്രവർത്തകരെ അക്രമിച്ചത്. ഇന്തോനേഷ്യയിൽ പീഢനമനുഭവിക്കുന്ന അഹ്മദികളെ പിന്തുണച്ചുകൊണ്ടാണ് റാലി സംഘടിപ്പിക്കപ്പെട്ടത്. വ്യാപകമായ പ്രതിഷേധത്തെത്തുടർന്ന് പ്രതികളെ അറസ്റ്റ് ചെയ്യുമെന്ന് പോലീസ് പ്രഖ്യാപിച്ചയുടനെത്തന്നെ മുനർമാൻ അടക്കമുള്ള നേതാക്കൾ ഒളിവിൽ പോയിരുന്നു.

# ആത്മശുദ്ധിയുടെ ഇജ്ത്തിമാഅ്

പ്രത്യേക ലേഖകൻ



**കോഴിക്കോട്:** ആത്മശുദ്ധീകരണവും, മതപ്രവർത്തനനിരതയും പരമകാരുണികന്റെ സമക്ഷത്തിലർപ്പിക്കുവാൻ പ്രേരണ നൽകിക്കൊണ്ട് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ സംസ്ഥാന ഇജ്തിമാ ആഗസ്റ്റ് 2,3 തിയ്യതികളിൽ കോഴിക്കോട് നടന്നു. കോഴിക്കോട് ബയ്ത്തുൽ ഖുദ്ദൂസിൽ നടന്ന ഇജ്ത്തിമ ഖിലാഫത്ത് ശതവാർഷികത്തിന്റെ അനുഗ്രഹങ്ങളെ യുവജനങ്ങളിലേക്ക് പകർത്തുന്നതരത്തിലുള്ളതായിരുന്നു.

ആഗസ്റ്റ് 2 ശനിയാഴ്ച വൈകുന്നേരം ഖുദ്ദാമുൽ അഹ്മദിയ്യാ അഖിലേന്ത്യാ സദർ ഇസ്മായിൽ താഹിർ സാഹിബ് പതാക ഉയർത്തിയതോടെ ഇജ്ത്തിമാ ആരംഭിച്ചു. തുടർന്ന് നടന്ന ഉദ്ഘാടന സമ്മേളനത്തിൽ കോഴിക്കോട് മേഖലാ അമീർ എം.ഏ. മുഹമ്മദ് സാഹിബ് ആധ്യക്ഷം വഹിച്ചു. സമ്മേളനം ഉദ്ഘാടനം ചെയ്ത സദർ സാഹിബ് ഖാദിംങ്ങളോട് ഖിലാഫത്തുമായി ചേർന്നു നിൽക്കാൻ നിർദ്ദേശിച്ചു.



ചടങ്ങിൽ നോർത്ത് കേരള ഖാഇദ് ശെഫി അഹ്മദ്, സൗത്ത് കേരള ഖാഇദ് നജീബ് സാഹിബ് എന്നിവർ സന്നിഹിതരായിരുന്നു. മുഅത്തമിദുമാരായ സമീം സാഹിബ് (വടക്കൻ മേഖല), ബി. നജീബ് സാഹിബ് (തെക്കൻ മേഖല) എന്നിവർ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. ഉദ്ഘാടനച്ചടങ്ങിനു ശേഷം വിവിധ വൈജ്ഞാനിക മത്സരങ്ങൾ നടന്നു. ഇത്തവണത്തെ വൈജ്ഞാനിക മത്സരങ്ങൾ ഉയർന്ന നിലവാരം പുലർത്തുന്നവ

പേജ് 4-ൽ

## ഖുർആൻവാരം

**കണ്ണൂർ:** കണ്ണൂർ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ഖുർആൻവാരം ആചരിച്ചു. വ്യത്യസ്ത ദിവസങ്ങളിലായി ഖുർആനെ അധികരിച്ച് വിജ്ഞാനപ്രദമായ ക്ലാസ്സുകൾ നടന്നു. മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ്, അബ്ദുൽ മാലിക് സാഹിബ്, നിസാർ അഹ്മദ് സാഹിബ്, അബ്ദുറഹിമാൻ സാഹിബ്, ഷംസുദ്ദീൻ സാഹിബ്, കെ. അബ്ദുൽ അസീസ് സാഹിബ്, ഷെഹിൻ ഷാഫി സാഹിബ്, സജിൻ നിസാർ സാഹിബ്, നിഷാദ് അസീസ് സാഹിബ്, ജിജിൻ നിസാർ സാഹിബ്, നിഷാൻ അഹ്മദ് സാഹിബ്, സുബിൻ അഷ്റഫ് സാഹിബ് എന്നിവർ പ്രസംഗിച്ചു. പ്രസിഡണ്ട് സി. അബ്ദുസ്സലാം സാഹിബ്, കെ.പി. ഹംസ സാഹിബ്, ഷാജിർ അഹ്മദ് സാഹിബ്, കൗസർ സാഹിബ്, ഹസ്സൻകോയ സാഹിബ് തുടങ്ങിയവർ വ്യത്യസ്ത ദിവസങ്ങളിൽ അധ്യക്ഷത വഹിച്ചു.

**അലനെല്ലൂർ:** അലനെല്ലൂർ അഹ്മദിയ്യാ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ വിശുദ്ധഖുർആൻവാരം നടത്തി. ജ്ഞാനനിർഭരമായ ക്ലാസ്സുകൾ വാരത്തിന്റെ ഭാഗമായി നടന്നു. വ്യത്യസ്ത ദിവസങ്ങളിൽ മൗലവി ഖമറുദ്ദീൻ സാഹിബ്, മൗലവി ശരീഫ് അഹ്മദ് സാഹിബ്, മൗലവി ഹിദായത്തുല്ലാഖാൻ സഖാഫി, അയമു മാസ്റ്റർ സാഹിബ്, മൗലവി യൂസഫ് സാഹിബ്, മേഖലാഅമീർ പ്രൊ. അബ്ദുൽകരിം സാഹിബ്, സി.പി. സിദ്ദീഖ് സാഹിബ്, വി.ടി. ബശീർ സാഹിബ്, പി. സിദ്ദീഖ് സാഹിബ് തുടങ്ങിയവർ പ്രഭാഷണം നടത്തി. പി.ടി. അബ്ദുൽ ബശീർ, സി. ബശീർ, സി. മുഹമ്മദ് എന്നിവർ അധ്യക്ഷപദമലങ്കരിച്ചു.

**പത്തപ്പിരിയം:** ജൂലൈ ഒന്നുമുതൽ ഏഴുവരെ ഖുർആൻ വാരം നടത്തുകയുണ്ടായി. ജൂലൈ ഒന്നിന് മൗലവി പി. അബ്ദുന്നാസിർ സാഹിബ് എച്ച്.എ ഉദ്ഘാടനം ചെയ്തു. തുടർന്ന് നടന്ന ദിവസങ്ങളിൽ മൗലവി മുജീബ് സാഹിബ് മഞ്ചേരി, മൗലവി സിദ്ദീഖ് സാഹിബ് വാണിയമ്പലം, ടി.കെ. മഹമൂദ് സാഹിബ് കരുളായി, എം.പി. നജീബ് സാഹിബ് പത്തപ്പിരിയം, കെ.പി. മുഹമ്മദ് സാഹിബ് എന്നിവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സെടുക്കുകയുണ്ടായി. സമാപനദിവസം മേഖലാ അമീർ പി. മുഹമ്മദലി മാസ്റ്റർ സാഹിബ് ഖുർആനിലേക്ക് മടങ്ങാനും, ഖുർആനല്ലാതെ മറ്റൊരു വഴികാട്ടിയില്ലെന്നും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്) ജമാഅത്തിന്റെ മുമ്പിൽ ആദ്യമായിവെച്ച നിർദ്ദേശം ഖുർആൻ പഠിക്കാനും പഠിപ്പിക്കാനുമാണെന്നും അറിയിച്ചു. സി.എച്ച്. വഹീദഹ്മദ്, സി.കെ. ഹാദിഅദ്നിൻ, സി. ശമീർ എന്നിവരുടെ ആമീൻ ചടങ്ങും സമാപനത്തോടനുബന്ധിച്ച് നടന്നു. മധുരപലഹാരവിതരണവും ഉണ്ടായിരുന്നു.

## വഖാറെ അമൽ



**മാത്തോട്ടം:** മാത്തോട്ടം-കോഴിക്കോട് മജ്‌ലിസുകളുടെ സംയുക്താഭിമുഖ്യത്തിൽ മീഞ്ചന്ത ഗവർമ്മെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളും, മീഞ്ചന്ത ഗവർമ്മെന്റ് യു.പി. സ്കൂൾ പരിസരവും ശുചീകരിച്ചു. കോഴിക്കോട് കോർപ്പറേഷൻ വട്ടക്കിണർ വാർഡ് കൗൺസിലർ ശ്രീ. വേണുഗോപാൽ പരിപാടി ഉദ്ഘാടനം ചെയ്തു. മാത്തോട്ടം ജമാഅത്ത് പ്രസിഡണ്ട് പി.എം. ബശീർ സാഹിബ് അധ്യക്ഷം വഹിച്ചു. മാത്തോട്ടം ഖാഇദ് ഷൗക്കത്തലി സാഹിബ്, കോഴിക്കോട് ഖാഇദ് നസീർ ഹുസൈൻ സാഹിബ്, ഐ.കെ. അഹ്മദ്കുട്ടി സാഹിബ് എന്നിവർ സംസാരിച്ചു. പൊതുവെ അവഗണിക്കപ്പെട്ടു കിടന്നിരുന്ന മീഞ്ചന്ത സ്കൂൾ പരിസരം വൃത്തിയാക്കാൻ സന്നദ്ധത കാണിച്ച ഖുദ്ദാമുൽ അഹ്മദിയ്യായെ ഉദ്ഘാടന പ്രസംഗത്തിൽ ശ്രീ. വേണുഗോപാലൻ ശ്ലാഘിച്ചു. ശ്രമദാനത്തിൽ, കടുത്തമഴയെ അവഗണിച്ച് 60-നടുത്ത് ഖാദിംങ്ങൾ പങ്കെടുത്തു. സ്കൂൾ പരിസരം ശുചീകരിച്ചതു കൂടാതെ സ്കൂൾ അങ്കണത്തിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്തു.

**കോഴിക്കോട്:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ നടന്ന ശ്രമദാനം കാരപ്പറമ്പ് ഹോമിയോ കോളജ് പ്രിൻസിപ്പാൾ ഡോ. മുഹസിൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ കോഴിക്കോട് മേഖലാ അമീർ എം.എ. മുഹമ്മദ് അധ്യക്ഷത വഹിച്ചു. എം.കെ.എ നാഇദ് സദർ ഡോ. സലാഹുദ്ദീൻ, ചീഫ് മിഷ്യണറി മൗലാനാ അയ്യൂബ് സാഹിബ് എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

## യൗമെ വാലിദൈൻ

**പത്തപ്പിരിയം:** പത്തപ്പിരിയം ജമാഅത്തിൽ മലപ്പുറം മേഖലാ അമീർ പി. മുഹമ്മദലി മാസ്റ്റർ സാഹിബിന്റെ അധ്യക്ഷതയിൽ യൗമെ വാലിദൈൻ (രക്ഷാകർതൃയോഗം) സംഘടിപ്പിച്ചു. തുടർവിദ്യാഭ്യാസത്തിന്റെ അനന്തമായ മേഖലകളിലേക്ക് പ്രവേശിക്കാനൊരുങ്ങി നില്ക്കുന്ന വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും ഉപകാരപ്രദമായതരത്തിൽ രസകരമായി അമീർ സാഹിബ് ക്ലാസ്സെടുത്തു. അഹ്മദി വിദ്യാർത്ഥികളുടെ ഭൗതിക വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം ആത്മീയപുരോഗതിക്കുള്ള മാർഗ്ഗമായതിനാൽ, ഖിലാഫത്തിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം വിദ്യാഭ്യാസം മുന്നോട്ടു കൊണ്ടുപോകണമെന്നും, എന്നാൽ മാത്രമേ അതിൽ ഉന്നതി പ്രാപിക്കാൻ സാധ്യമാവുകയുള്ളൂവെന്നും അദ്ദേഹം ജമാഅത്തംഗങ്ങളെ ഓർമ്മിപ്പിക്കുകയുണ്ടായി. ഇന്നത്തെ പഠന സിലബസ് ബഹുരാഷ്ട്രകുത്തക കമ്പനികളാണ് നിയന്ത്രിക്കുന്നതെന്നും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനു പ്രാധാന്യം നല്കാതെ ഉന്നതനിലവാരത്തിലുള്ള പഠന മേഖലകൾ അഹ്മദി വിദ്യാർത്ഥികൾ തെരഞ്ഞെടുക്കണമെന്നും അദ്ദേഹം തുടർന്നു പറഞ്ഞു. അഹ്മദി വിദ്യാർത്ഥികളോട് അവർ മറ്റു വിദ്യാർത്ഥികളേക്കാൾ ഉന്നതി പ്രാപിക്കാൻ ശ്രമിക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു. പി. അബ്ദുൽ അമീർ, പി. അബ്ദുൽ നാസിർ മൗലവി എന്നിവർ പ്രസംഗിച്ചു. അധികവേതനം ലഭ്യമാകുന്നതരത്തിലുള്ള കോഴ്സുകൾ തെരഞ്ഞെടുക്കാതെ, മാനവകുലത്തിന് സേവനം നല്കാൻ സാധിക്കുന്ന കോഴ്സുകൾ തെരഞ്ഞെടുക്കണമെന്ന് മൗലവി നാസിർ സാഹിബ് പറയുകയുണ്ടായി. യോഗത്തിൽ സി. എച്ച്. അബ്ദുൽ മുഖ്ത്തദിർ സാഹിബ് തിലാവത്തും, എം.പി. നജീബ് സാഹിബ് ഖസീദാപാരായണവും നടത്തി. അനന്തരം ദുആയോടുകൂടി യോഗം പിരിഞ്ഞു.

## വഖ്ഫെനൗ വിദ്യാർത്ഥിക്ക് സ്വീകരണം

**പത്തപ്പിരിയം:** ഇപ്രാവശ്യം ഉയർന്നമാർക്കോടെ വിജയിച്ച മുഹമ്മദ് അദ്നാൻ സാഹിബിന് സ്വീകരണം നല്കി. യോഗത്തിൽ മേഖലാ അമീർ പി. മുഹമ്മദലി മാസ്റ്റർ സാഹിബ് ഉപഹാരം സമർപ്പിച്ചു. ഖാഇദ് സി.എച്ച്. മുഹമ്മദ് സാലിഹ് സാഹിബ്, സയീം സി.കെ. ശംസുദ്ദീൻ സാഹിബ് എന്നിവർ ആശംസകളർപ്പിച്ചു. മൗലവി പി. അബ്ദുന്നാസിർ സാഹിബ് ക്ലാസ്സെടുക്കുകയുണ്ടായി.

## ജമാഅത്തിന്റെ സരണിയിൽ അണിചേരുക:

### ഇസ്മയിൽ താഹിർ സാഹിബ്

**കോഴിക്കോട്:** ജമാഅത്തിന്റെ സജീവസരണിയിൽ യുവാക്കൾ അണിചേരേണ്ടതാണെന്ന് ഖുദ്ദാമുൽ അഹ്മദിയ്യാ അഖിലേന്ത്യാ അധ്യക്ഷൻ മൗലാനാ ഇസ്മയിൽ താഹിർ സാഹിബ് പറഞ്ഞു. കോഴിക്കോട് നടന്ന സംസ്ഥാന ഇജ്ത്തിമായുടെ ഉദ്ഘാടന പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. ഖിലാഫത്ത് ശതവാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ യുവജനങ്ങൾ ദത്തശ്രദ്ധരാകേണ്ടതുണ്ടെന്ന് സദർ സാഹിബ് പറഞ്ഞു. വേറിട്ടു നിൽക്കുന്ന യുവജനങ്ങളെ ജമാഅത്തുമായി അടുപ്പിക്കാനും പള്ളികളിലേക്ക് കൊണ്ടുവരാനും കഴിയണം. ഇത് ഖാഇദുമാരുടെയും ഇതര സജീവ



പ്രവർത്തകരുടെയും കടമയാണ്. ഈ കടമ ശരിയായ വിധത്തിൽ നിർവ്വഹിക്കുമ്പോഴാണ് ഓരോ ഖാദിമും തങ്ങളുടെ ദൗത്യത്തിൽ വിജയിക്കുന്നത്. ഖലീഫാ തിരുമനസ്സിന്റെ വരവോടെ കേരളത്തിലെ യുവജനങ്ങളുടെ പ്രവർത്തന സജീവത വളരെയേറെ വർദ്ധിക്കുമെന്ന് അദ്ദേഹം പ്രത്യാശിച്ചു.

ഖുദ്ദാമുൽ അഹ്മദിയ്യാ ഒരു സ്വതന്ത്ര സംഘടനയാണെന്ന് സദർ സാഹിബ് ഇജ്ത്തിമായുടെ സമാപന യോഗത്തിൽ പറഞ്ഞു. എന്നാൽ, ജമാഅത്ത് നിഷ്കർഷിക്കുന്ന ചട്ടക്കൂടിന്റെ അകത്താണത് പ്രവർത്തിക്കുന്നത്. ജമാഅത്തിന്റെ ഇതര ഘടകങ്ങളോട് താദാത്മ്യം പ്രാപിച്ചുകൊണ്ട് എല്ലാ വിഭാഗങ്ങളുടെയും പൂർണ്ണമായ അനുഗ്രഹാശ്ശിസുകളോടെയാണ് ഖുദ്ദാമുൽ അഹ്മദിയ്യാ മുന്നോട്ടു പോകേണ്ടത്. യുവാക്കൾക്ക് ജമാഅത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്കാണുള്ളത്. ഈ ഗൗരവമായ പങ്ക് യുവാക്കളും അതുപോലെതന്നെ ഇതരവിഭാഗങ്ങളും മറന്നു കൂടാ. സംഘടന എന്ന നിലയിൽ ഖുദ്ദാമിന്റെ പ്രവർത്തനങ്ങൾ കൈകടത്തലുകൾക്കതീതമാണ്. ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രവർത്തനത്തിൽ ഇടപെടുത്തുന്നതിന് വ്യക്തമായ വഴികളുണ്ട്. ശരിയായ സംവിധാനമുണ്ട്. ഇത്തരം സംവിധാനങ്ങൾ നമ്മുടെ വ്യവസ്ഥയുടെ തന്നെ ഭാഗമാണ്.

### അറിയിപ്പ്

അൽഹഖിന്റെയും ഖുത്ബയുടെയും വരിസംഖ്യ കുടിശ്ശിക ഉടൻതന്നെ ഖായിദുമാർ അയച്ചുതരേണ്ടതാണ്.

## ഹോമിയോ മെഡിക്കൽ ക്യാമ്പ്

**കോഴിക്കോട്:** കോഴിക്കോട് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ഒളവണ്ണ ഗ്രാമപഞ്ചായത്ത് ഗവർമ്മെന്റ് സ്കൂളിൽ ഒരു ഹോമിയോ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് നാഇബ് സദർ ഡോ. സലാഹുദ്ദീൻ സാഹിബിന്റെ ദുആയോടെ ആരംഭിച്ച ക്യാമ്പിൽ 50-ഓളം രോഗികളെ പരിശോധിച്ചു. ക്യാമ്പിന് ഡോ. രഹ്നാ ഹാരിസ് സാഹിബ നേതൃത്വം നൽകി. നാസിയാ സാഹിബ ക്യാമ്പിൽ സേവനമനുഷ്ഠിച്ചു.

## ഇരിപ്പിടങ്ങൾ നല്കി



**കണ്ണൂർ:** കണ്ണൂർ അഹ്മദിയ്യാ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ഖിലാഫത്ത് ജൂബിലിയോടനുബന്ധിച്ച് കണ്ണൂർ കെ.എസ്.ആർ.ടി.സി. ബസ്റ്റാന്റിൽ നിർമ്മിച്ച ഇരിപ്പിടങ്ങൾ കൈമാറി. കണ്ണൂരിലെ കെ.എസ്.ആർ.ടി.സി കോംപ്ലക്സിൽ നടന്ന ചടങ്ങിൽവച്ച് ഇരിപ്പിടങ്ങൾ ജമാഅത്ത് പ്രസിഡണ്ട് ബി. അബ്ദുസ്സലാം സാഹിബ് ഡി.ടി.ഒ സോമൻ നായർക്ക് കൈമാറി. ചടങ്ങിൽ അഡ്വ. ജമീൽ അഹ്മദ് സാഹിബ് അധ്യക്ഷത വഹിച്ചു. എം. അഹ്മദ്, എം. അബ്ദുൽഗഫൂർ, നിഷാൻ അഹ്മദ്, സജിൻ, ബശീർ തുടങ്ങിയവർ സംസാരിച്ചു. യാത്രക്കാർക്കു വേണ്ടി നാല് കോൺക്രീറ്റ് ഇരിപ്പിടങ്ങളാണ് നല്കിയത്. വികസിച്ചുവരുന്ന കണ്ണൂരിലെ കെ.എസ്.ആർ.ടി.സി. ബസ്റ്റാന്റിലെ യാത്രക്കാരുടെ സേവനത്തിനായി മുന്നിട്ടിറങ്ങിയ അഹ്മദിയ്യാ ജമാഅത്തിനെ ഗതാഗതവകുപ്പ് അനുമോദിച്ചു.

## ഖുർആൻ വാരം

**ആദിനാട്:** ഖിലാഫത്ത് ജൂബിലി വർഷത്തിൽ ആദിനാട് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ സമുചിതമായ തരത്തിൽ ഖുർആൻ വാരം ആഘോഷിച്ചു. ഉദ്ഘാടന ദിവസം ജമാഅത്ത് പ്രസിഡണ്ട് അബ്ദുൽ ജലീൽ സാഹിബ്, മൗലവി റിയാസുദ്ദീൻ സാഹിബ് എന്നിവർ സംസാരിച്ചു. തുടർന്ന് വ്യത്യസ്ത ദിവസങ്ങളിലായി മൗലവി ശരീഫ് അഹ്മദ് സാഹിബ്, നാസിർ സാഹിബ്, എം. റഷീദ്കുട്ടി സാഹിബ്, കെ.എം. മൻസൂർ അഹ്മദ് സാഹിബ്, എച്ച്. മൻസൂർ അഹ്മദ് സാഹിബ് തുടങ്ങിയവർ സംസാരിച്ചു. സമാപന ദിവസം തിരുവനന്തപുരം മേഖലാ അമീർ പ്രൊഫ. ജലീൽ സാഹിബ് പ്രസംഗിച്ചു.

*പുസ്തകപരിചയം*

# പൈഗാമെ സുൽഹ്

സ്വന്തം ലേഖകൻ




വ്യത്യസ്തമായ ഒട്ടനേകം മതങ്ങൾ ഉള്ളതുകൊണ്ടാണ് വാഗ്ദത്ത മസീഹ് ഇന്ത്യയിൽ അവതരിച്ചതെന്നും ഇന്ത്യയിൽ നിന്ന് ഹിന്ദുക്കൾ കൂട്ടംകൂട്ടമായി ഇസ്ലാംമതം ആശ്ലേഷിക്കുന്ന ഒരു കാലത്തെക്കുറിച്ച് അല്ലാഹു മസീഹ് മൗഊദ്(അ)ന് സുവാർത്ത നല്കിയിട്ടുണ്ടെന്നും നാസിർ അഅ്‌ലാ ഭാരത് മൗലാനാ മുഹമ്മദ് ഇനാം സാഹിബ് ഗോരി പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ) രചിച്ച വിശ്രുതഗ്രന്ഥമായ 'മൈത്രിസന്ദേശ' (പൈഗാമെസുൽഹ്)ത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് എട്ട് ജമാഅത്തുകളിലെ അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് എറണാകുളം മസ്ജിദ് ഉമറിൽ സംഘടിപ്പിച്ച തർബിയ്യത്ത് സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. ആദ്യകാല വേദങ്ങളെല്ലാം ദൈവികസൂക്തങ്ങൾ തന്നെയായിരുന്നു. പിന്നീട് അതിൽ മാറ്റത്തിരുത്തലുകൾ വരുത്തിയതാണ്. ലോകത്ത് മതസൗഹാർദ്ദം നിലനിർത്തുന്നതിനായി മസീഹ് മൗഊദ്(അ) അവസാനമായി എഴുതിയ വിപ്ലവകരമായ ഗ്രന്ഥമാണ് മൈത്രീസന്ദേശം. മറ്റൊന്ന് അൽവസിയ്യത്താണ്. രണ്ട് ഗ്രന്ഥങ്ങളും ശ്രദ്ധാപൂർവ്വം പഠിക്കേണ്ടതും അതനുസരിച്ച് ജീവിതം ക്രമപ്പെടുത്തേണ്ടതുമാണ്. മറ്റ് മതഗ്രന്ഥങ്ങളുടെ ന്യൂനതകൾ തന്റെ തൂലികയിലൂടെ വെളിപ്പെടുത്തിയതിന് പുറമേ മറ്റ് മതാചാര്യന്മാരുടെ ഗുണങ്ങളും മസീഹ് മൗഊദ്(അ) വിശദമാക്കിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മൈത്രിസന്ദേശം രചിക്കുമ്പോൾ ഉണ്ടായിരുന്നതിനേക്കാൾ അതിന്റെ പ്രസക്തി ഇക്കാലഘട്ടത്തിലാണ് വർദ്ധിച്ചിരിക്കുന്നതെന്ന് തുടർന്ന് സംസാരിച്ച മൗലവി മുഹമ്മദ് സലീം സാഹിബ് കൊടുങ്ങല്ലൂർ അഭിപ്രായപ്പെട്ടു. വരാനിരിക്കുന്ന ഹിന്ദു-മുസ്ലിം ഭിന്നതയെക്കുറിച്ച് അല്ലാഹു ആ മഹാത്മാവിനെ മുൻകൂട്ടി അറിയിച്ചിരുന്നു എന്നാണ് ഇതിൽനിന്ന് മനസ്സിലാകുന്നത്. ജീവിതകാലം മുഴുവൻ മറ്റുള്ളവരുമായി മൈത്രിയിലാണ് അദ്ദേഹം കഴിച്ചുകൂട്ടിയത്. തങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കാനായി മറ്റുള്ളവർ മസീഹ് മൗഊദ് (അ)നെ സമീപിച്ചിരുന്നത് ആ ഹൃദയത്തിലെ ആത്മീയ ചൈതന്യം അവർ തിരിച്ചറിഞ്ഞതുകൊണ്ടുമാത്രമാണെന്നും സലീം സാഹിബ് പറഞ്ഞു. തുടർന്ന് സൗത്ത് ഇലാഖാ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബ് ഇസ്ലാംമതത്തിന്റെ മാനവമൈത്രിയെക്കുറിച്ച് സംസാരിച്ചു. സഹജീവികളോടുള്ള സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പരമമായ ഒരവസ്ഥയാണ് നബി(സ) തിരുമേനിയിൽ കാണുന്നതെന്നും വിശുദ്ധ ഖുർആൻ മറ്റു മതഗ്രന്ഥങ്ങളെ വിമർശിക്കുന്നത് അവരോടുള്ള സഹതാപവും സ്നേഹവും കാരുണ്യത്താലുമാണെന്നും ഖാഇദ് സാഹിബ് പറഞ്ഞു. റസൂൽ(സ) തിരുമേനിയോടുള്ള സ്നേഹത്തിൽനിന്നാണ് വാഗ്ദത്ത മസീഹ് (അ)ന്റെ എല്ലാ രചനകളും രൂപം കൊണ്ടിട്ടുള്ളതെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച എറണാകുളം മേഖലാ അമീർ ബി. അഹ്മദ് കബീർ സാഹിബ് അഭിപ്രായപ്പെട്ടു. അതുകൊണ്ടാണ് നബി(സ)യ്ക്കെതിരിൽ നിന്ദ്യമായ ആരോപണം ഉന്നയിക്കുന്നവരോട് യാതൊരു മൈത്രിയും സാധ്യമല്ലെന്ന് മൈത്രിയ്ക്ക് വേണ്ടി എഴുതിയ ഗ്രന്ഥത്തിൽപോലും അദ്ദേഹത്തിന് പറയേണ്ടിവന്നത്. നബി(സ)യെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ അകറ്റാൻ നാം ശ്രമിച്ചാൽ ഇസ്ലാമിനെക്കുറിച്ച് മറ്റുള്ളവരിൽ ആദരവ് സൃഷ്ടിക്കാൻ സാധിക്കുമെന്നും അമീർ സാഹിബ് പറഞ്ഞു. യോഗത്തിൽ മൗലവി അൻസാർ മഹ്ദി സാഹിബ് പരിശുദ്ധ ഖുർആൻ പാരായണം ചെയ്തു. മുഹമ്മദ് സാലിഹ് സാഹിബ്, താഹിർ അഹ്മദ് സാഹിബ് എന്നിവർ പദ്യം ചൊല്ലി. ഗോരി സാഹിബിന്റെ പ്രസംഗം മൗലവി നാസിർ അഹ്മദ് സാഹിബ് പരിഭാഷപ്പെടുത്തി. എറണാകുളം, കാക്കനാട്, കൊച്ചി, പള്ളുരുത്തി, മൂവാറ്റുപുഴ, ഐരാപുരം, കൊടുങ്ങല്ലൂർ, ആലപ്പുഴ എന്നീ ജമാഅത്തുകളിലെ അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു. ഖിലാഫത്ത് ജൂബിലി യോടനുബന്ധിച്ച് ദുബായ് ജമാഅത്ത് നല്കിയ 25 തയ്യൽമെഷീനുകളും പതിനാറ് സൈക്കിളുകളും യോഗത്തോടനുബന്ധിച്ച് മേഖലയിലെ അഹ്മദികൾക്ക് വിതരണം ചെയ്യുകയുണ്ടായി.

# മുഹമ്മദ്നബിയെ പാശ്ചാത്യർ അപകീർത്തിപ്പെടുത്തുന്നു

**അലനെല്ലൂർ:** ആദർശാധിഷ്ഠിത ജീവിതം നയിച്ച മുഹമ്മദ് നബിയെ പാശ്ചാത്യർ നിരന്തരം അപകീർത്തിപ്പെടുത്തുകയാണെന്ന് മൗലവി ഖമറുദ്ദീൻ സാഹിബ് പറഞ്ഞു. അലനല്ലൂർ അഹ്മദിയ്യ മസ്ജിദിൽ സംഘടിപ്പിച്ച നബിചരിത്ര യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

തസ്ലീമ നസ്റിനും സൽമാൻ റഷ്ദിയും എഴുതിയ ഗ്രന്ഥങ്ങൾ വികാരത്തെ വ്രണപ്പെടുത്തുന്നവയാണ്. കാർട്ടൂൺ വിവാദവും പാശ്ചാത്യ സൃഷ്ടിയാണ്. ഇത് വിശ്വാസികൾ തിരിച്ചറിയണം. അഹ്മദിയ്യ ജമാഅത്ത് അലനല്ലൂർ ജമാഅത്ത് പ്രസിഡണ്ട് എം. അബ്ദുൽ ബശീർ സാഹിബ്, വി.ടി. ബശീർ അഹമ്മദ്, സി. സിറാജുൽ മുനീർ എന്നിവർ സംസാരിച്ചു.

# ആസാദ് കാശ്മീരിൽ അഹ്മദികൾക്ക് സ്വാതന്ത്ര്യം നിഷേധിക്കുന്നു

പ്രത്യേക ലേഖകൻ

**ആസാദ്കാശ്മീർ:** സ്വതന്ത്രകാശ്മീരിൽ ന്യൂനപക്ഷങ്ങളുടെ സ്വാതന്ത്ര്യം കവർന്നുകൊണ്ട് മുല്ലാഭരണം അരങ്ങു തകർക്കുന്നു. 2008 ജൂൺ മാസത്തിൽ കുട്ടികളടക്കമുള്ള നിരവധി അഹ്മദികളെ പ്രതിചേർത്തുകൊണ്ട് മൂന്ന് ക്രിമിനൽ കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തു. നമസ്കരിക്കാൻ പള്ളിയില്ലാതിരുന്ന ബബ്റാ ഹീല നിലെ അഹ്മദികൾ ചേർന്ന് ഒരു ആരാധനാലയം പണിയാരംഭിച്ചു. നിയമപരമായ തടസ്സങ്ങൾ ഒഴിവാക്കാൻ മിനാരം പണി കഴിപ്പിച്ചിരുന്നു. എന്നാൽ, നിർമ്മാണത്തിലിരുന്ന പള്ളി പോലീസ് ബോംബ് വെച്ച് തകർക്കുകയും 14 അഹ്മദികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു.

കോട്ലയിൽ നിലവിലുള്ള പള്ളി വൃത്തിയാക്കുകയും അറ്റുകറ്റപ്പണികൾ നടത്തുകയും ചെയ്തതിന് മുല്ലമാരുടെ ആവശ്യപ്രകാരം പോലീസ് കോട്ലയിലുള്ള അഹ്മദികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു. പ്രതികളുടെ പേര് പ്രത്യേകം ചേർത്തിട്ടില്ലാത്തതിനാൽ ഏത് അഹ്മദിയും പിടിക്കപ്പെടാമെന്ന അവസ്ഥയിലാണുള്ളത്.

ബറാലിയിലും പുതിയ നിസ്കാരപ്പള്ളിയുണ്ടാക്കാനുള്ള അഹ്മദികളുടെ ശ്രമം സർക്കാർ തടഞ്ഞു. പള്ളികളുടെ തൂണുകൾ നിർമ്മിക്കുകയും മേൽക്കൂര പണിയുകയും ചെയ്തപ്പോൾ മുല്ലമാർ സംഘടിക്കുകയും പോലീസിനെക്കൊണ്ട് മസ്ജിദ് നിർമ്മാണം നിർത്തിവെപ്പിക്കുകയും ചെയ്തു. ഏഴ് അഹ്മദികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്യപ്പെട്ടു. നിരവധി വീടുകളിൽ റെയ്ഡ് നടന്നു. 18 വയസ്സുകാരനായ നയീദ് അഹ്മദ് സാഹിബിനെ അറസ്റ്റു ചെയ്തു. ഇദ്ദേഹത്തിന്റെ പേര് കേസിൽ പിന്നീട് കൂട്ടിച്ചേർത്തു. അന്വേഷിക്കാൻ ചെന്ന അഹ്മദികളെ പോലീസ് ഓഫീസർമാർ തെറിപറഞ്ഞ് തിരിച്ചയച്ചു.

ജൂൺ 9-ന് അർദ്ധരാത്രി ഒരു സംഘം പോലീസുകാരും മുല്ലമാരും കോട്ലയിലെ അഹ്മദിയ്യാ മസ്ജിദ് വളയുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു.

# അഹ്മദികൾ നിത്യപീഡിതർ: ഹമീദ് ചേന്ദമംഗലൂർ



**കോഴിക്കോട്:** അഹ്മദിയ്യ സമൂഹം ആഗോളതലത്തിൽതന്നെ പീഡിപ്പിക്കപ്പെടുന്നവരാണെന്ന് പ്രശസ്ത മതേതര ചിന്തകനും പ്രഭാഷകനുമായ പ്രൊ. ഹമീദ് ചേന്ദമംഗലൂർ പറഞ്ഞു. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ സംസ്ഥാന ഇജ്തിമയോടനുബന്ധിച്ച് സംഘടിപ്പിച്ച മനുഷ്യാവകാശ ലംഘനങ്ങളെപ്പറ്റിയുള്ള സെമിനാറിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. വിശ്വാസത്തിന്റെ പേരിൽ പീഡനം ഏറ്റവും കൂടുതൽ ഏറ്റുവാങ്ങേണ്ടിവരുന്നത് അഹ്മദിയ്യാ വിഭാഗക്കാരാണെന്ന് ഹമീദ് ചേന്ദമംഗലൂർ വ്യക്തമാക്കി. അഹ്മദികളുടെ തുണയ്ക്ക് മുഖ്യധാരാ രാഷ്ട്രീയകക്ഷികളോ പ്രസ്ഥാനക്കാരോ എത്താറില്ല. ഒരുവിധത്തിലുള്ള മനുഷ്യാവകാശ പ്രവർത്തകരും, സംഘടനകളും ഈ ന്യൂനപക്ഷ വിഭാഗത്തെ രക്ഷിക്കാൻ വരാറില്ല. കാരണം അഹ്മദികൾ ഒരു വോട്ട് ബാങ്ക് അല്ല. ഹമീദ് ചേന്ദമംഗലൂർ തുടർന്നു പറഞ്ഞു. തുടർന്ന് സംസാരിച്ച ഏ.എം. സലിം സാഹിബ് ന്യൂനപക്ഷങ്ങൾ എന്ന നിലയിൽ അഹ്മദികൾ നേരിടേണ്ടിവരുന്ന ആക്രമണത്തിന്റെ സൈദ്ധാന്തിക പരിസരം വിവരിച്ചു. ലോകത്തിന്റെ പല ഭാഗങ്ങളിലും മനുഷ്യാവകാശങ്ങൾക്കു വേണ്ടി നിലകൊള്ളുന്നവർ അഹ്മദികൾക്കു നേരെ അഴിച്ചുവിടുന്ന അക്രമങ്ങൾ അവലപനീയവും, ക്രൂരവുമാണെന്ന് അദ്ദേഹം പറഞ്ഞു. സെമിനാറിൽ സൗത്ത് കേരള മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഖാഇദ് നജീബ് സാഹിബ് ആധ്യക്ഷം വഹിച്ചു.

# ഖുർആനിലൂടെ ജീവിതപരിശുദ്ധി ആർജ്ജിക്കുക: പ്രൊ: അബ്ദുൽ കരീം സാഹിബ്

**അലനെല്ലൂർ:** വിശുദ്ധഖുർആൻ നൽകുന്ന അമൂല്യ ജ്ഞാനം ആർജ്ജിച്ചുകൊണ്ട് പരിശുദ്ധിയാർജ്ജിക്കണമെന്ന് പാലക്കാട് മേഖലാ അമീർ പ്രൊ. അബ്ദുൽ കരിം സാഹിബ് പറഞ്ഞു. അലനെല്ലൂർ അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ഖുർആൻവാരത്തിൽ മനുഷ്യപ്രകൃതിയിലെ വൈവിധ്യങ്ങളെ ആസ്പദമാക്കി പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. മനുഷ്യന് മാനസികവും, ശാരീരികവും, ധൈഷണികവുമായ ഒട്ടേറെ കഴിവുകളുണ്ടെന്ന് പ്രൊഫ. കരീം സാഹിബ് പറഞ്ഞു. ഈ കഴിവുകൾ അഹങ്കാരമില്ലാതെ ഉപയോഗിക്കുകയാണ് വേണ്ടത്. ഭൂതലത്തിലെ സകലവസ്തുക്കളേയും സൃഷ്ടിച്ച അല്ലാഹുവിന്റെ മഹത്വം വിശുദ്ധഖുർആനിലൂടെ നമുക്ക് മനസ്സിലാകുന്നുണ്ട്. മനുഷ്യന്റെ ക്രമരഹിതമായ ജീവിതശൈലിയാണ് ഇന്നത്തെ പരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമെന്നും അദ്ദേഹം തുടർന്ന് പറഞ്ഞു. ഖുർആൻവാരത്തിൽ ഉടനീളം മുഴുവൻ ജമാഅത്തംഗങ്ങളും പങ്കെടുത്തു.

# തബ്ലീഗ്

**എറണാകുളം:** എറണാകുളം മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ആലുവായിലേയും കളമശ്ശേരിയിലേയും മുസ്ലിം ഭൂരിപക്ഷപ്രദേശങ്ങളിൽ തബ്ലീഗ് നടത്തി. രണ്ട് ദിവസങ്ങളിലായി ആലുവ കെ.എസ്.ആർ.ടിസി ബസ്റ്റാന്റ്, പ്രൈവറ്റ് സ്റ്റാന്റ്, താലൂക്കാശുപത്രി, റെയിൽവേ സ്റ്റേഷൻ പരിസരങ്ങളിലും കളമശ്ശേരിയിലെ വ്യാപാര സ്ഥാപനങ്ങളിലും ഓഫീസുകളിലും ഖിലാഫത്ത് വ്യവസ്ഥിതിയെക്കുറിച്ചുള്ള ഏകദേശം രണ്ടായിരത്തോളം നോട്ടീസുകൾ വിതരണം ചെയ്തു. മൗലവി നാസിർ അഹ്മദ് സാഹിബ് തബ്ലീഗിന് നേതൃത്വം നല്കി.

ജൂലൈ 2008 റബിഉൽആഖിർ-റജബ്

## അക്രമാസക്തി വർദ്ധിക്കുന്നു

സമൂഹത്തിൽ അക്രമാസക്തി വർദ്ധിക്കുന്നുവോ? പത്രവാർത്തകൾ പറയുന്നതനുസരിച്ച് അക്രമത്തിന്റെ തോത് വർദ്ധിച്ചിരിക്കുന്നു. മാത്രവുമല്ല അക്രമസംഭവങ്ങളുടെ ബീഭത്സത വളരെയേറെ കൂടിയിട്ടുമുണ്ട്. കേരളത്തിൽ ഉയർന്നുവരുന്ന പുതിയ പ്രശ്നങ്ങളിലൊന്ന് ഇത്തരം അക്രമാസക്തമായ ഒരു തലമുറയാകുന്നു. ഭാര്യയെ കൊല്ലുക, മക്കളെ കൊല്ലുക, മാനഭംഗം, വിവിധ തരത്തിലുള്ള മോഷണങ്ങൾ ഇവയൊക്കെ ക്രമാതീതമായി ഉയരുന്നത് എന്തുകൊണ്ടാണ്? സാമൂഹികശാസ്ത്രജ്ഞർക്ക് ഉത്തരമില്ലാതാവുകയാണ് പലപ്പോഴും.

ഇക്കൂട്ടത്തിൽ ഏറെ ശ്രദ്ധിക്കപ്പെടുന്നത് ചില പവിത്രമായ സങ്കൽപങ്ങളുടെ തകർച്ചയാണ്. അച്ഛൻ-അമ്മ എന്നിങ്ങനെയുള്ള നിർവചനങ്ങൾ, സഹോദരി സഹോദരന്മാർ തമ്മിലുള്ള ബന്ധത്തിന്റെ യഥാതഥമായ പ്രതലം തുടങ്ങി ഒട്ടനവധി കാര്യങ്ങളിൽ പുനർവിചിന്തനം നടക്കുന്നുണ്ട്. പിഞ്ചുകുഞ്ഞുങ്ങളെപ്പോലും പിച്ചിച്ചീന്തുന്ന ആളുകൾ ഒരു സംസ്കാര സമ്പന്നമായ സമൂഹത്തിന്റെ ഭാഗമല്ല. അതിഭൗതികത ജനതയെ നയിക്കുന്നത് അരാജകത്വത്തിലേക്കാണ്. ഇങ്ങനെയൊരു അരാജകത്വം പതുക്കെ മലയാളിയെ ആശ്ലേഷിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ധനത്തിന്റെ ഉപഭോഗ സാധ്യതകൾ പരമാവധി കേരളത്തിൽ ഉപയോഗിക്കപ്പെടുന്നത്. പണം ദൈവത്തിന് പകരം നിൽക്കുമ്പോൾ അതിഭൗതികത സജീവമാകുന്നു.

മതത്തിന്റെ ചട്ടക്കൂട്ടിനുള്ള പ്രത്യേകത അത് നിയന്ത്രണോപാധികൂടിയാണ് എന്നതത്രെ. ഇത് ഒരളവുവരെ വലിയ അനുഗ്രഹമാണ്. കാരണം ചട്ടക്കൂടിനുള്ളിൽ അപചയങ്ങൾക്ക് സാധ്യത കുറവാണ്. മറ്റൊന്ന് മതത്തിന്റെ അജണ്ടയിൽ മാനവികതയുണ്ട് എന്ന കാര്യമാകുന്നു. അതിനാൽ പ്രശ്നങ്ങളെ ധാർമ്മികമായ വീക്ഷണത്തിലൂടെ കാണുന്നതാണ് ഉചിതം.

കേരളത്തിൽ നടന്ന മിക്ക കുറ്റകൃത്യങ്ങളുടെയും പിറകിൽ നിർലജ്ജമായ ഒരു സമൂഹമുണ്ട്. ജീവിത സാഹചര്യങ്ങൾ മാറുമ്പോൾ നിയന്ത്രണത്തിന്റെ സന്ധി പൊട്ടുന്നു. അതിന്റെ കൂടെ സാമൂഹികമായ നിലനിൽപ്പും പ്രശ്നമാകുന്നു. കുടുംബം എന്ന ആശയത്തിനുതന്നെ ഇതുമായി ബന്ധമുണ്ട്. മദ്യം, മയക്കുമരുന്ന് തുടങ്ങിയ അധാർമ്മിക കൃത്യങ്ങളിലേക്ക് സഞ്ചരിക്കാനുള്ള വ്യഗ്രത കുടുംബത്തിലെ പ്രശ്നങ്ങളുമായി കൈകോർത്തിരിക്കുകയാണ്.

വിശുദ്ധഖുർആനിൽ പലപ്പോഴായി പറഞ്ഞിട്ടുള്ളത് ലാളിത്യം ജീവിതത്തിൽ നിറയ്ക്കുവാനാണ്. ജീവിതശൈലിയിലെ ആഢംബരങ്ങൾ പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അനുകരണഭ്രമം ആഢംബരത്തോടു ചേർന്നതാണ്. ഇവയൊക്കെ മനുഷ്യനെ ഇഹലോകത്ത് മാത്രമായി ഒതുക്കുന്നു. ജീവിതം സുഭദ്രമായിത്തീരുന്നത് സമാധാനത്തിന്റെ പുലരികൾ കാണുമ്പോഴാണ്. സമാധാനത്തിന്റെ വഴി ലാളിത്യം നിറഞ്ഞതാകുന്നു. സാമ്പത്തികവും സാമ്പത്തികേതരവുമായ അച്ചടക്കത്തിന്റെ പ്രസക്തി ഇപ്പോൾ വർദ്ധിച്ചിരിക്കുന്നു. മനുഷ്യൻ അവന്റേതായ മാർഗ്ഗം ധാർഷ്ട്യത്തോടെ തിരഞ്ഞെടുക്കുമ്പോൾ ജീവിതം ദുസ്സഹമത്രെ. മനുഷ്യന്റെ മാർഗ്ഗം ദൈവത്താൽ ചൂണ്ടിക്കാണിക്കപ്പെട്ടതായാൽ സമാധാനത്തിന് നിലനിൽപ്പുണ്ട്, ജീവിതത്തിൽ.

# ഖിലാഫത്ത് ജൂബിലി ആഘോഷം കരുനാഗപ്പള്ളിയിൽ

സ്വന്തം ലേഖകൻ

**കരുനാഗപ്പള്ളി:** ഖിലാഫത്ത് ജൂബിലിയോടനുബന്ധിച്ചുള്ള കരുനാഗപ്പള്ളി ജമാഅത്തിന്റെ പരിപാടികൾ വിപുലമായ രീതിയിൽ ഈദ് ദിനങ്ങളെ അനുസ്മരിപ്പിക്കുംവിധം കൊണ്ടാടി. മെയ് 27-ന് മുമ്പുതന്നെ ഖാഇദ് എസ്.വി.എം. ഫസൽ സാഹിബിന്റെയും തബ്‌ലീഗ് സെക്രട്ടറി നാസ്സർ സാഹിബിന്റെയും നേതൃത്വത്തിൽ ഖാദിമീങ്ങൾ കായംകുളം മുതൽ തിരുവനന്തപുരംവരെയും പത്തനംതിട്ടയിലും പുനലൂർ, മാത്ര പ്രദേശങ്ങളിലും കരുനാഗപ്പള്ളി താലൂക്കിന്റെ എല്ലാ ഭാഗങ്ങളിലും വാൾപോസ്റ്റ് ഒട്ടിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും അതോടൊപ്പം മൈക്ക് അനൗൺസ്മെന്റ് നടത്തുകയും ചെയ്തു. പത്തനാപുരത്തിന്റെ സമീപപ്രദേശമായ കടുവാത്തോട് എന്ന സ്ഥലത്ത് വെച്ച് നോട്ടീസ് വിതരണ സംഘത്തിലുണ്ടായിരുന്ന മാത്ര മുബല്ലിഗ് മൗലവി മുബശ്ശിർ സാഹിബിന് ശത്രുക്കളുടെ മർദ്ദനമേറ്റു. ഖിലാഫത്ത് ജൂബിലിയുടെ ഫ്ളക്സ് ബോർഡുകൾ ധാരാളം സ്ഥലങ്ങളിൽ സ്ഥാപിച്ചിരുന്നു.

സോണൽ അമീർ ബി. അബ്ദുൽ ജലീൽ സാഹിബ്, പ്രദേശിക ടി.വി. ചാനലായ എ.സി.വി. വഴി ജമാഅത്തിന്റെ ഖിലാഫത്ത് ജൂബിലിയുടെ പരിപാടികൾ വിളംബരം ചെയ്തു. എ.സി.വി, കലാ ടി.വി. എന്നീ ചാനലുകളിൽ മെയ് 27-ന് പള്ളിയിൽ നടന്ന പരിപാടികൾ സംപ്രേഷണം ചെയ്തു. മനോരമ, മാതൃഭൂമി, കേരളകൗമുദി, ജന്മഭൂമി തുടങ്ങിയ പത്രങ്ങളിൽ ഖിലാഫത്ത് ജൂബിലിയുടെ പ്രാദേശിക പരിപാടികൾ പ്രസിദ്ധപ്പെടുത്തി.



മെയ് 27-ന് തഹജ്ജുദ് നമസ്ക്കാരത്തോടുകൂടി ഖിലാഫത്ത് ജൂബിലിയുടെ പള്ളിയിൽവച്ച് നടന്ന പരിപാടികൾക്ക് തുടക്കം കുറിച്ചു. സുബ്ഹി നമസ്കാരത്തിനുശേഷം നടന്ന ഖുർആൻ ദർസിനും ഇജ്ത്തിമാ ദുആക്കും ശേഷം സഹോദരീസഹോദരന്മാർ ഖബർസ്ഥാനിലേക്ക് പോകുകയും അവിടെ മറയടക്കപ്പെട്ടവർക്കുവേണ്ടി ജമാഅത്തായി ദുആ ചെയ്യുകയും ചെയ്തു.

ഈ സമയം പള്ളിയുടെ പരിസരത്തു വെച്ചുതന്നെ 11 ആടുകളെ ഖുർബാനി അർപ്പിച്ചുകൊണ്ട് അതിന്റെ മാംസം സാധുകൾക്ക് വിതരണം ചെയ്തു.

രാവിലെ 9 മണിയോടുകൂടി ജമാഅത്തിലുള്ള ആബാലവൃദ്ധം പേരും പള്ളിയിൽ എത്തി പ്രഭാതഭക്ഷണത്തിൽ പങ്കുചേർന്നു. അതിനുശേഷം പള്ളിയുടെ മുറ്റത്ത് തയ്യാറാക്കിയിരുന്ന കൊടിമരത്തിന് ചുറ്റും അത്ഫാൽ, ഖുദ്ദാം, അൻസാർ സഹോദരന്മാർ ശുഭ്രവസ്ത്രാരികളായി അണിനിരക്കുകയും സോണൽ അമീർ ജനാബ് ബി. അബ്ദുൽ ജലീൽ സാഹിബ് 10.15-ന് അഹ്മദിയ്യാ ജമാഅത്തിന്റെ പതാക ഉയർത്തുകയും ചെയ്തു. പതാക ഉയരുന്നതിനോടൊപ്പം സഹോദരന്മാരുടെ തക്ബീർധ്വനികളും മുഴങ്ങിക്കേട്ടു. 10.30ന് ആരംഭിച്ച പൊതുസമ്മേളനത്തിൽ കരുനാഗപ്പള്ളി അമീർ എ. അഹ്മദ് ശരീഫ് സാഹിബ് അധ്യക്ഷം വഹിച്ചു. സാബിത്ത് ബി. അഹ്മദ് സാഹിബിന്റെ ഖുർആൻ പാരായണത്തോടുകൂടി യോഗം ആരംഭിച്ചു. ഉദ്ഘാടന പ്രസംഗം സോണൽ അമീർ ജലീൽ സാഹിബ് നിർവഹിച്ചു. പിന്നീട് ജനാബ് അബ്ദുൽ വഹാബ് സാഹിബ് (നാഇബ് അമീർ) മൗലവി മുഹമ്മദ് ഫാറൂക്ക് സാഹിബ്, മൗലവി ശഫീക്ക് സാഹിബ് എന്നിവർ ഖിലാ

പേജ് 5-ൽ

# അനുഗ്രഹീത റമദാൻ വീണ്ടും

"ആയിരം മാസങ്ങളെക്കാളും പുണ്യമായ ഒരു ദിനം റമദാൻ മാസത്തിനുണ്ട്." അല്ലാഹു മനുഷ്യകുലത്തിന് നൽകിയ വാഗ്ദാനം അന്വേഷിച്ചുകൊണ്ട് മുപ്പത് ദിനരാത്രങ്ങൾ ആത്മനിയന്ത്രണത്തോടെ കഴിച്ചുകൂട്ടുന്നതിന് മുസ്‌ലിംലോകം വീണ്ടും തയ്യാറെടുക്കുകയാണ്. ആത്മസമർപ്പണത്തിന്റെ, ത്യാഗത്തിന്റെ, ബലിയുടെ ഒരുപാട് വകഭേദങ്ങൾ ജീവിതത്തിൽ പകർത്തി മുക്തി നേടുന്നതിനായുള്ള കുതിപ്പ് ആരംഭിക്കുകയാണ്. ഇസ്‌ലാം കാര്യത്തിന്റെ നാലാമത്തെ തൂണായാണ് റമദാൻ മാസത്തിലെ വ്രതത്തെ നിർവചിച്ചിട്ടുള്ളത്. മുൻകഴിഞ്ഞ സമുദായങ്ങൾക്കെല്ലാം കല്പിക്കപ്പെട്ടതുപോലെയാണ് ഇസ്‌ലാമിലും വ്രതത്തെ ചിട്ടപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, വ്രതത്തിന്റെ പരിശുദ്ധിയും പരിപാവനതയും ദൈവസാമീപ്യത്തിന്റെ അനുഗ്രഹങ്ങളും വിവരിക്കപ്പെട്ടത് ഇസ്‌ലാമിൽ മാത്രം. അല്ലാഹുവിനുവേണ്ടി അനുഷ്ഠിക്കാൻ അവനാവശ്യപ്പെട്ട ഏക കർമ്മവും ഇതുതന്നെ. പ്രപഞ്ചസൃഷ്ടിപ്പിന്റെ സർവ്വ ഗുണങ്ങളും വിവരിക്കപ്പെട്ട പരിശുദ്ധഖുർആന്റെ വെളിപാടുകളും ഈ മാസത്തിൽ തന്നെയാണുണ്ടായത്. ലൗകിക സുഖങ്ങളോടുള്ള അത്യാർത്തിയെ ശമിപ്പിക്കുന്ന ആത്മീയാനുഗ്രഹങ്ങൾക്കായുള്ള അന്വേഷണത്തിന്റെ തുടർച്ചപടിയാണ് റമദാൻ. ദാഹം, വിശപ്പ്, കാമം, ക്രോധം തുടങ്ങിയ ശരീരേച്ഛകളെ അടക്കിനിർത്താൻ കുറച്ചുമാത്രം സംസാരിച്ച്, കുറച്ചുമാത്രം ഭക്ഷിച്ച്, കുറച്ചുമാത്രം ഉറങ്ങി കൂടുതൽ ഇബാദത്തിലേർപ്പെടാൻ റമദാൻ മനുഷ്യനെ പ്രാപ്തനാക്കുന്നു. പ്രപഞ്ചനാഥന്റെ വാത്സല്യത്തിന് പാത്രമാകാൻ അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമകൾ ഏറ്റവും നിറവേറ്റപ്പെടുന്നതും ഇതേമാസത്തിൽതന്നെ. വിശുദ്ധഖുർആൻ പാരായണം കൊണ്ട് അന്തരീക്ഷം അനുഗ്രഹപൂർണ്ണമാവുമ്പോൾ മാലാഖമാർ സന്തോഷംകൊണ്ട് കണ്ണുനീർ പൊഴിക്കുമെന്ന് വിന്യസിക്കപ്പെടുന്നു. വിശുദ്ധഖുർആൻ പാരായണം മനുഷ്യനെ അല്ലാഹുവുമായി അടുപ്പിക്കുന്നു. അതുമുഖേന ദൈവത്തിന്റെ സുരക്ഷാവലയത്തിൽ മനുഷ്യനും കടന്നുകൂടുന്നു. ക്ഷമയുടെയും സഹനത്തിന്റെയും മാപ്പിന്റെയും കീഴടങ്ങലിന്റെയും പരിത്യാഗത്തിന്റെയും മാറ്റുരസൽ കൂടിയാണ് റമദാൻമാസം. മനുഷ്യന്റെ ഒഴിവാക്കപ്പെടാനാവാത്ത ഘടകങ്ങളായ വെള്ളവും ഭക്ഷണവും ത്യജിക്കുന്നതിലൂടെ അവൻ സ്വന്തം ജീവൻ ദൈവത്തിനുവേണ്ടി ബലിയർപ്പിക്കുന്നതിന് പരിശീലനം നേടുകകൂടി ചെയ്യുന്നു. ചുരുക്കത്തിൽ മനുഷ്യന്റെ എല്ലാ ദുർവൃത്തികളുടെയും മോചനത്തിനുള്ള തയ്യാറെടുപ്പുകൾ പരിശീലിക്കുന്ന മാസമാണിത്. റമദാൻ മാസത്തിൽ എല്ലാ തിന്മകളിൽ നിന്ന് വിടപറയാനും, ഇബാദത്തിന്റെ പൂർത്തീകരണം നടത്താനും നമുക്ക് സാധിക്കുമാറാകട്ടെ. കൂടാതെ റമദാൻ മാസത്തിൽ നാം നേടിയെടുക്കുന്ന പുതുജീവിതം തുടർന്നും നിലനിറുത്താൻ ദൈവം സൗഭാഗ്യം നൽകുമാറാകട്ടെ.

പേജ് 1-ൽ നിന്ന്

യായിരുന്നു. 3-ാം തിയ്യതി ഉച്ചക്കു നടന്ന സമാപന സമ്മേളനത്തിൽ സദർ സാഹിബ് ആധ്യക്ഷം വഹിച്ചു. മൗലവി അയൂബ് സാഹിബ് അഭിസംബോധന ചെയ്തു. ഉത്തരമേഖലാ ഖാഇദ് ശെഫി അഹ്മദ് നന്ദി പറഞ്ഞു. സദർ സാഹിബ്, കോഴിക്കോട് മേഖലാ അമീർ എം.എ. മുഹമ്മദ് സാഹിബ്, മൗലവി അയൂബ് സാഹിബ് എന്നിവർ സമ്മാനദാനം നിർവ്വഹിച്ചു.



തുടർന്ന് നമസ്കാരാനന്തരം ഇജ്ത്തിമാ അവസാനിച്ചു. ഇജ്ത്തിമായോടൊന്നിച്ച് സംസ്ഥാന സ്പോർട്സ് മീറ്റും നടന്നു.

ഇജ്തിമായിൽ കോഴിക്കോട് മാത്തോട്ടം മജ്ലിസുകളിലെ ഖാദിംകളുടെ സേവനം വിലയേറിയതായിരുന്നു. വോളണ്ടിയർമാർക്ക് കോഴിക്കോട് ജില്ലാ ഖായിദ് ജലീൽ സാഹിബ്, ശൗക്കത്തലി സാഹിബ്, നസീർ ഹുസൈൻ സാഹിബ് എന്നിവർ നേതൃത്വം നൽകി. ഭക്ഷണവിതരണത്തിന് സബാഹ് സാഹിബ് പത്തിരിയം, മലപ്പുറം ജില്ലാ ഖായിദ് അബ്ദുൽ ഗനി സാഹിബ് തുടങ്ങിയവർ നേതൃത്വം നൽകി. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലെ മജ്‌ലിസുകളിൽനിന്ന് ഖാദിംകൾ ഇജ്തിമായ്ക്കെത്തിയിരുന്നു.

*ചരിത്രപഥം*

# മറ്റൊരു വിവാഹം

**1917** ഫെബ്രുവരി 1-ാം തിയ്യതി വ്യാഴാഴ്ച അസ്തമിച്ച വെള്ളിയാഴ്ച രാത്രി, ഹദ്റത്ത് ഇ. അബ്ദുൽഖാദിർകുട്ടി സാഹിബിന്റെ മകൾ നടുവിലകത്ത് സഫിയ ബിസാഹിബയുടെ വിവാഹം ആഘോഷപൂർവം നടക്കുകയുണ്ടായി. അദ്ദേഹത്തിന്റെ രണ്ടാമത്തെ പെങ്ങളുടെ മകനും ഒരു പ്രമുഖ അഹ്മദിയുമായ എടപ്പകത്ത് മുഹമ്മദുകുഞ്ഞിസാഹിബായിരുന്നു വരൻ. 500 രൂപയാണ് മഹർ നിശ്ചയിക്കപ്പെട്ടത്.

കണ്ണൂരിൽ അഹ്മദികളെ രാവുംപകലും നഖശിഖാന്തം എതിർത്തും ദ്രോഹിച്ചും കഴിഞ്ഞുകൂടിയ ശത്രുക്കൾക്ക്, അഹ്മദികളുടെ അന്തസ്സും ഉയർച്ചയും കാണിച്ചുകൊടുക്കാനായി, എടപ്പകത്ത് അബ്ദുർഖാദിർകുട്ടി സാഹിബ് സ്വന്തം ഉത്തരവാദിത്വത്തിൽ സംഘടിപ്പിച്ച പ്രസ്തുത വിവാഹം ഒരു ചരിത്രസംഭവമാണ്. കണ്ണൂർ ജമാഅത്തിന്റെ ചരിത്രത്തിൽ അതിനു മുമ്പേ ഇത്രയും ആർഭാടപൂർവ്വം മറ്റൊരു വിവാഹം സംഘടിപ്പിക്കപ്പെട്ടിരുന്നില്ല. പഴയങ്ങാടി, കൂടാളി, കോഴിക്കോട് എന്നീ സ്ഥലങ്ങളിലുള്ള അഹ്മദികൾക്ക് ക്ഷണമറിയിച്ചും ഗംഭീരമായ സദ്യയൊരുക്കിയും ഹദ്റത്ത് ശയ്ഖ് മുഹ്യിദ്ദീൻകുട്ടി സാഹിബ് നിക്കാഹ് ഖുത്ബ നിർവ്വഹിച്ചുമാണ് വിവാഹം അരങ്ങേറിയത്. കോഴിക്കോട്ടു നിന്ന് ഹദ്റത്ത് എം. അഹ്മദ് സാഹിബ് ഈ വിവാഹപരിപാടിയിൽ പങ്കെടുക്കാനായി നാലു ദിവസം മുമ്പേ സന്നിഹിതനായിരുന്നു. കല്യാണം കഴിഞ്ഞ് നാലാം ദിവസമേ അദ്ദേഹം തിരിച്ചുപോയിരുന്നുള്ളൂ.

പ്രസ്തുത വിവാഹദിവസം പുതിയാപ്ലയെ തേടുവാൻ പോയതും കൂട്ടിക്കൊണ്ടുവന്നതുമായ ആഘോഷപരിപാടികളെ സംബന്ധിച്ച് അബ്ദുൽഖാദിർകുട്ടി സാഹിബ് തന്റെ അനുജൻ എടപ്പകത്ത് കോയക്കുട്ടി സാഹിബിന് എഴുതി അറിയിച്ച ചില കാര്യങ്ങൾ താഴെ ചേർക്കുന്നു.

"കല്യാണരാത്രി ബിജിലിന്റെ വിളക്ക് വേണമെന്ന് കുഞ്ഞളിയും മറ്റും ആവശ്യപ്പെട്ടതുകൊണ്ട് അതിന് അഡ്വാൻസ് കൊടുക്കുകയും ചെയ്തു. വൈകുന്നേരം 6, 6.30 മണിയോടുകൂടി വിളക്ക് പാളയത്തിൽനിന്നു കൊണ്ടുവരുമ്പോൾ വഴിക്ക് വായക്കത്തെരുവത്ത്വച്ച് ആൾകൂടി. ആ വിളക്ക് പാളയത്തിൽ ഒരു മുസൽമാന്റേതായിരുന്നു. വഴിക്കുവച്ചു തർക്കം, ഖാദിയാനിന്റെ മങ്ങലത്തിന് കൊടുക്കരുതെന്നും കൊണ്ടുപോകാൻ വിടുകയില്ലെന്നും മറ്റുമാണ്. തിരി കൊണ്ടുവരാതെ മടക്കിക്കൊണ്ടുപോകയും ചെയ്തു.....

തേടിപുറപ്പെട്ടു പുരയിൽ എത്തി അവിടെ വേറെ പാനുസുണ്ടോ എന്ന് ചോദിച്ചപ്പോൾ പാനൂസ് ഇല്ല. 'കത്തിസാൾ' എന്ന ഒരു വക ശെടു തെയ്യാറുണ്ട്. ഇതൊരു വക കയ്യിൽപിടിക്കുന്ന ശെടാണ്.... ഇത് നാലെണ്ണം പുതിയാപ്ലാന്റെ മുമ്പിൽ പിടിക്കുന്നതിനാണ് 'കത്തിസാൾ' പിടിച്ചിരിക്കുന്നു എന്നു പറയുന്നത്. ഇതു നാട്ടിൽ അറക്കൽക്കാർക്കല്ലാതെ വേറെ ഒരു തറവാട്ടുകാർക്കും നടുവിലകത്തുകാർക്കും ഉള്ളതല്ല. ആയതുകൊണ്ട് അതുതന്നെ പിടിക്കണമെന്നു കുഞ്ഞിക്കോയ പുതിയാപ്ല, ഖാതറു മുതലായ സ്നേഹിതന്മാർ നിർബന്ധിച്ചു. ഞാനും വിചാരിച്ചു, ബിജിലിന്റെ വിളക്ക് നാട്ടുകാർ മുടക്കുകയും ഖുദ്റത്തിയായ തരത്തിൽ കത്തിസാളും അതിന്റെ സാമാനങ്ങളും ഇവിടെ തെയ്യാറുണ്ടായിരിക്കലും ഇതെല്ലാം ഇങ്ങനെതന്നെയാണ് വേണ്ടതെന്നുള്ളതിലേക്ക് ഒരു ദൃഷ്ടാന്തമാണ്.

എല്ലാം കത്തിച്ചു പുതിയാപ്ലാനെയുംകൊണ്ട് പുറപ്പെട്ടു. നമ്മൾ ആക 70, 80 ആളുകളേ ഉള്ളൂവെങ്കിലും ആൾകാഴ്ചക്ക് 200-ൽ അധികം ആളുള്ളതുപോലെ പക്ഷേ, എതിർക്കാരുടെ കണ്ണിൽ അതിലധികം ഉള്ളതായിട്ടു കാണുന്നു. അയിറ്റാണ്ടിന്റവിട എത്തിനോക്കുമ്പോൾ, അയിറ്റാണ്ടിന്റവിടനിന്ന് ഈസയിങ്ങാന്റെ പള്ളി വരെ തിങ്ങിയതായിട്ട് അഹ്മദികൾ പുതിയാപ്ലന്റെ കൂടെയുണ്ട്. അതോടുകൂടെ നടുവിലകം എത്തുന്നതുവരെയുള്ള പുരകളിൽനിന്നു പെണ്ണുങ്ങൾ ഒന്നും ഉറങ്ങാതെ ഖാദിയാനിപുതിയാപ്ല വരുന്നതു കാണ്മാൻ കാത്തുനിന്നിരിക്കുന്നു. കൂടാതെ എതിർപാർട്ടിയിലുള്ള അധികം ആളുകൾ കൊല്ലറക്കപ്പള്ളി, ഈസയിങ്ങാന്റെ പള്ളി, സ്ക്കൂളിന്റെ താഴെ മുതലായ സ്ഥലങ്ങളിൽ മറഞ്ഞുനോക്കുകയും ചെയ്യുന്നുണ്ട്.

പക്ഷേ, അവരുടെ കാൽക്കും കൈക്കും നാവിനും അല്ലാഹു ചിക്കവച്ചതുപ്രകാരം, ഈ സംഭവം കണ്ടിട്ട് ഹൈറത്തിലാവുകയും 'ഹാവിയ' എന്ന നരകത്തിൽനിന്ന് നോക്കുമ്പോലെ നോക്കുകയും ചെയ്യുന്നു. യാതൊരു പോലീസും ഒപ്പരമില്ല. പോലീസിന് കല്യാണത്തിന്റെ അറിവു കൊടുത്തിട്ടില്ല.... ചിലർ പോലീസിന് അറിവുകൊടുക്കണമെന്നും പോലീസുകാർ കുറച്ചാളുകൾ വേണമെന്നും പറഞ്ഞിട്ടുണ്ടായിരുന്നു. പക്ഷേ, വേണ്ടെന്നുവെച്ചു....

കല്യാണദിവസം നമ്മൾ തേടിപ്പോകുന്നതിന് ഒരു മണിക്കൂർ മുമ്പായിട്ട് കുട്ടിമാപ്പിളകത്തെ കിടങ്ങിനകത്തുനിന്നു ഒരു കല്ല് വന്ന് (എടപ്പകത്തെ) പുരന്റെ മുകളിൽ വീണു. എറിഞ്ഞത് എടപ്പകത്ത് കോയക്കുട്ടിയാണ്... ഞാൻ ഉത്തരം പറഞ്ഞു. ആ പണി എന്റെ മരുമകനെക്കൊണ്ടല്ലാതെ വേറെ ഒരാളെക്കൊണ്ടും കഴിയുന്നതല്ല."

*(അവലംബം: കേരള അഹ്മദിയ്യാ ചരിത്രത്തിന് ഒരാമുഖം - എ. അബ്ദുശ്ശക്കൂർ)*

# മതവിദ്വേഷം; നേതൃസൃഷ്ടി:

## അഡ്വ: പി. കൃഷ്ണദാസ്



**എറണാകുളം:** മതങ്ങൾക്ക് നേതൃത്വം കൊടുക്കുന്നവരിൽ ചിലരാണ് എല്ലാ മതവിദ്വേഷങ്ങൾക്കും കാരണമായിത്തീരുന്നതെന്ന് ഭാരതീയ യുവമോർച്ച സംസ്ഥാന വൈസ്പ്രസിഡണ്ട് അഡ്വ. പി. കൃഷ്ണദാസ് അഭിപ്രായപ്പെട്ടു. ഹിന്ദു മുസ്ലിം മൈത്രിക്കായി ഹദ്റത്ത് അഹ്മദ് (അ) രചിച്ച മൈത്രീസന്ദേശത്തിന്റെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സൗത്ത് കേരള ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ എറണാകുളം പബ്ലിക് ലൈബ്രറിഹാളിൽ സംഘടിപ്പിച്ച സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. തന്റെ മതത്തിൽ തന്റേതായിരിക്കണം അവസാനവാക്കെന്ന് കരുതുന്നതും സ്പർദ്ധക്ക് കാരണമായിത്തീരുന്നു. വർഗ്ഗീയ കലാപങ്ങളിൽ പങ്കെടുക്കുന്നവർ വളരെ ചുരുങ്ങിയ ആളുകൾ മാത്രമാണ്. പക്ഷേ, അതിന്റെ പേരിൽ എല്ലാവരും പഴി കേൾക്കേണ്ടിവരുന്നതായും അദ്ദേഹം പറഞ്ഞു. എല്ലാ മതങ്ങളുടേയും തുടക്കം ദൈവത്തിൽനിന്നുതന്നെയാണെന്ന് സെമിനാറിൽ വിഷയാവതരണം നടത്തിക്കൊണ്ട് സത്യദൂതൻ പത്രാധിപർ എ.എം. മുഹമ്മദ് സലീം സാഹിബ് അഭിപ്രായപ്പെട്ടു. മതങ്ങൾ തമ്മിലുള്ള സംവാദങ്ങൾ നടക്കുകയും യുക്തിവിചാരംകൊണ്ട് നെല്ലു പതിരും തരംതിരിച്ചറിയുകയും വേണം. സ്വന്തം മതത്തെക്കുറിച്ചുള്ള അറിവില്ലായ്മയാണ് എല്ലാ മതവിദ്വേഷത്തിനും കാരണമായിത്തീരുന്നതെന്ന് തുടർന്ന് സംസാരിച്ച ശ്രീ. എ.വി. രാധാകൃഷ്ണൻ വൈദിക് പറഞ്ഞു. യഥാർത്ഥ ഇസ്ലാം മതവിശ്വാസികൾ അഹ്മദികളാണെന്നാണ് താരതമ്യ പഠനത്തിൽനിന്ന് തനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പാശ്ചാത്യർക്ക് ഇപ്പോൾ ഇസ്ലാമിനെക്കുറിച്ച് ചിന്തിക്കാൻ മാത്രമേ നേരമുള്ളൂവെന്നും എല്ലാവരും ചേർന്ന് ഇസ്ലാമിനെ നന്നാക്കിയെടുക്കുമെന്നാണ് തോന്നുന്നതെന്നും തുടർന്ന് സംസാരിച്ച സംസ്കൃത സർവ്വകലാശാലയിലെ ഡോ. സി. ഗോപൻ തമാശരൂപേണ പറഞ്ഞു. നൂറുവർഷത്തിനു ശേഷവും ഒരു ഗ്രന്ഥം ചർച്ചചെയ്യപ്പെടുന്നത് അത്ഭുതകരമായ കാര്യം തന്നെയാണെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് അഭിപ്രായപ്പെട്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഹൃദയനൈർമല്യമാണ് ഇതിൽനിന്ന് വെളിപ്പെടുന്നത്. ജാതിമതഭേദമെന്യേ എല്ലാ സൃഷ്ടികളേയും സ്നേഹിക്കുവാനാണ് വിശുദ്ധ ഖുർആൻ ആഹ്വാനം ചെയ്യുന്നതെന്നും അമീർ സാഹിബ് പറഞ്ഞു. യോഗത്തിൽ മുഹമ്മദ് യൂനുസ് സാഹിബ് വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. നിശാദ് സാഹിബ് മതമൈത്രി ഗാനം ആലപിച്ചു. സൗത്ത് ഇലാഖാ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബ് സ്വാഗതമാശംസിക്കുകയും എറണാകുളം സോണൽ ഖാഇദ് മുഹമ്മദ് സഫ്വാൻ സാഹിബ് നന്ദി പ്രകാശനം നിർവ്വഹിക്കുകയും ചെയ്തു. യോഗത്തിൽ പങ്കെടുത്ത അനഹ്മദി സഹോദരങ്ങൾക്ക് മൈത്രിസന്ദേശത്തിന്റേയും നബിചരിത്രത്തിന്റേയും കോപ്പികൾ വിതരണം ചെയ്തു.

# റബ്വ: ചരിത്രം ആവർത്തിക്കുന്നു

**റബ്വ:** പാക്കിസ്ഥാനിലെ മുല്ലമാരും ഭരണകൂടവും ചരിത്രത്തിൽനിന്നും പാഠം പഠിക്കാറില്ല. റബ്വയിലെ മുഴുവൻ അഹ്മദികൾക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തുകൊണ്ട് 1989 ഡിസംബർ 15-ാം തിയ്യതി പാക്ക് ഗവർമ്മെന്റ് ചരിത്രം സൃഷ്ടിച്ചു. 19 വർഷങ്ങൾക്കു ശേഷം വീണ്ടും ചരിത്രം ആവർത്തിക്കപ്പെട്ടു. PPC 298C, 285, 337H2 എന്നീ വകുപ്പുകൾ പ്രകാരം 2008 ജൂൺ 8-ന് മുഴുവൻ റബ്വാ നിവാസികൾക്കെതിരെയും പോലീസ് കേസ് രജിസ്റ്റർ ചെയ്തു. തോരണങ്ങളും അലങ്കാരബൾബുകളും ഉപയോഗിച്ച് ഖിലാഫത്ത് ശതവാർഷിക ജൂബിലി ആഘോഷിച്ചതിനാണ് കേസ്. ചിനാബ് ബഹറിലും പരിസരപ്രദേശത്തുമുള്ള മുസ്ലിംകളുടെ മതവികാരം വ്രണപ്പെടുത്തിക്കൊണ്ടാണത്രെ ഖിലാഫത്ത് ജൂബിലി ആഘോഷിച്ചത്. നേതാക്കൾ ഉൾപ്പെടെ ഏത് അഹ്മദികളേയും അറസ്റ്റ് ചെയ്യാവുന്നതരത്തിലാണ് കേസുള്ളത്. കേസെടുത്തിട്ടുള്ള വകുപ്പുകൾ പ്രകാരം 3 വർഷംവരെ തടവ് ശിക്ഷ ലഭിക്കാവുന്നതാണ്. ജൂബിലി ആഘോഷങ്ങൾ കഴിഞ്ഞ് ഒരാഴ്ചക്കുശേഷമാണ് കേസ് കെട്ടിച്ചമച്ചിട്ടുള്ളത്. 1989-ൽ മിയാൻ നവാസ് ശരീഫായിരുന്നു ഭരണാധികാരിയെങ്കിൽ, ഇപ്പോഴത് മിയാൻ ശഹ്ബാസ് ശരീഫാണെന്ന വ്യത്യാസം മാത്രം.

പേജ് 4-ൽനിന്ന്

ഫത്തിന്റെ ആവശ്യകതയും അനുഗ്രഹങ്ങളും എന്നീ വിഷയങ്ങളെ ആസ്പദമാക്കി സംസാരിച്ചു. അമീർ സാഹിബിന്റെ ഉപസംഹാര പ്രസംഗത്തോടെ യോഗം 12.45-ന് അവസാനിച്ചു.

ളുഹർ, അസർ നമസ്കാരങ്ങൾ ജംആക്കി നിർവഹിച്ചതിനുശേഷം ഉച്ചഭക്ഷണം വിതരണം ചെയ്തു. മിക്ക പത്രറിപ്പോർട്ടർമാരും പ്രാദേശിക ടി.വി.ചാനലുകാരും ക്ഷണിക്കപ്പെട്ടതനുസരിച്ച് ഉച്ചഭക്ഷണത്തിൽ പങ്കെടുത്തു.

വിശ്രമത്തിനുശേഷം 3 മണിക്ക് സഹോദരിമാർക്ക് പള്ളിയിൽതന്നെ ഖലീഫത്തുൽ മസീഹ് ഖാമിസിന്റെ ഖിലാഫത്ത് ജൂബിലിയുടെ എം.ടി.എ പരിപാടികൾ കാണുന്നതിന് സൗകര്യമൊരുക്കിയിരുന്നു. സഹോദരന്മാർ കരുനാഗപ്പള്ളി ടൗൺ ക്ലബ്ബിൽ സജ്ജമാക്കിയിരുന്ന ഡിഷ് -ടിവി സംവിധാനം വഴി ലണ്ടനിൽനിന്നുള്ള ഖിലാഫത്ത് ആഘോഷപരിപാടികൾ (എം.ടി.എ) കാണുന്നതിന് അവിടെ എത്തിച്ചേർന്നു. മൗലവി ശഫീക്ക് സാഹിബ് ഹുസൂറിന്റെ പ്രസംഗം മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് കേൾപ്പിച്ചു. ഇതോടൊപ്പം തന്നെ ടൗൺ ക്ലബ്ബിൽ ജമാഅത്ത്‌വക പുസ്തക പ്രദർശനവും വിൽപനയുമുണ്ടായിരുന്നു. മെയ് 29 വരെ പുസ്തകപ്രദർശനവും വിൽപനയും തുടർന്നു.

# വൈദ്യോപകരണങ്ങൾ നല്കി

**കണ്ണൂർ:** കണ്ണൂർ അഹ്മദിയ്യാ ജമാഅത്ത് ജില്ലാ ആസ്പത്രി ഐ.സിയുവിന് വേണ്ടി വൈദ്യ-ശുശ്രൂഷ ഉപകരണങ്ങൾ നൽകി. ആസ്പത്രിയിൽ നടന്ന ചടങ്ങിൽ ജമാഅത്ത് പ്രസിഡണ്ട് ബി. അബ്ദുസ്സലാമിൽനിന്ന് ജില്ലാ ആസ്പത്രി സൂപ്രണ്ട് രാജമ്മ രാജൻ ഉപകരണം



ഏറ്റുവാങ്ങി. എം. അബ്ദുൾ ഗഫൂർ, പി.പി. നാസിറുദ്ദീൻ, എം. അഹ്മദ്, അഡ്വ. ജമിൻ അഹ്മദ്, സിസ്റ്റർ സുനിത തുടങ്ങിയവർ സംബന്ധിച്ചു. ആർ.എം.ഒ. ഡോ. ജിതേന്ദ്രൻ നന്ദി പറഞ്ഞു. അഹ്മദിയ്യാ ഖിലാഫത്തിന്റെ ശതവാർഷികാഘോഷങ്ങളുടെ ഭാഗമായാണ് ഉപകരണങ്ങൾ നല്കിയത്. നിർധനരായ രോഗികൾക്ക് ഭക്ഷണവിതരണവും അഹ്മദിയ്യാ ജമാഅത്ത് നടത്തുന്നുണ്ട്.

## വിശുദ്ധ ഖുർആൻ

“പറയുക ഞാൻ അഭയം പ്രാപിക്കുന്നു, മനുഷ്യരുടെ നാഥനെ, മനുഷ്യരുടെ രാജാവിനെ, മനുഷ്യരുടെ യഥാർത്ഥ ആരാധ്യനെ, പിന്മാറിക്കളയുന്ന ദുർബോധകന്റെ ഉപദ്രവത്തിൽനിന്ന്; മനുഷ്യഹൃദയത്തിൽ ദുർബോധനം ചെയ്യുന്നവനത്രെ അവൻ. മറഞ്ഞിരിക്കുന്നവനിൽനിന്നും സാധാരണ മനുഷ്യരിൽനിന്നുമുള്ള (ദുർബോധകൻ)” (114:1-7).

## നബിവചനം

“ജനങ്ങളിൽ, ഇസ്ലാമിന്റെ നാമവും വിശുദ്ധഖുർആന്റെ ലിപികളും മാത്രം അവശേഷിക്കുന്ന ഒരു കാലം വരും. പള്ളികൾ ജനനിബിഡമായിരിക്കും. എന്നാൽ, അത് സന്മാർഗ്ഗത്തിൽ നിന്നും ശൂന്യമായിരിക്കും. അവരുടെ ഉലമാക്കൾ ആകാശത്തിനു കീഴിൽ ഏറ്റവും ദുഷ്ടന്മാരായിരിക്കും. ഫിത്നകൾ അവരിൽനിന്ന് ഉത്ഭവിക്കുകയും അവ അവരിലേക്ക് തന്നെ മടങ്ങുകയും ചെയ്യും.” (ബൈഹഖി, മിശ്ക്കാത്ത്)

## യുഗശബ്ദം



നമ്മുടെ നബിനായകർ(സ) തിരുമേനിക്ക് മക്കയിൽ അവിശ്വാസികളുടെ കൈയാലും അതിന്നുശേഷവും പീഡനങ്ങളും മർദ്ദനങ്ങളും സഹിക്കേണ്ടിവന്നിട്ടുണ്ട്. അവിടുന്ന് മക്കയിൽ കഴിച്ചുകൂട്ടിയ പതിമൂന്ന് കൊല്ലക്കാലവും നാനാതരങ്ങളായ അനേകം കഷ്ടനഷ്ടങ്ങളുടെയും എണ്ണമറ്റ ദുരിതാനുഭവങ്ങളുടെയും കാലമായിരുന്നു. അതോർക്കുമ്പോൾതന്നെ ആരുടെയും കരളലിയും. എന്നാൽ, തന്റെ ശത്രുക്കളുടെ നേരെ തിരുമേനി(സ) വാളൂരിയില്ല. അവരുടെ ദുർഭാഷണങ്ങൾക്ക് മറുപടി പറഞ്ഞുമില്ല. ഇതിനകം അനേകം സഹാക്കളും ഇഷ്ടശിഷ്യന്മാരും നിഷ്ക്കരുണം നിഗ്രഹിക്കപ്പെടുകയുമുണ്ടായി. അവിടുന്നുതന്നെയും പലതരം വിഷമതകൾക്കും ഇരയാകേണ്ടിവന്നു. അവർ അദ്ദേഹത്തെ വിഷം കൊടുത്തു കൊല്ലാൻ ശ്രമിച്ചു. നബിയെ വധിക്കാൻ പലവട്ടം ഗൂഢാലോചനകൾ നടത്തി. മക്കയിലെ മൂപ്പന്മാരും ഗോത്രത്തലവന്മാരും ഒത്തുചേർന്നു ഈ മനുഷ്യനെ എങ്ങനെയെങ്കിലും നിഗ്രഹിക്കണമെന്നു ഏകകണ്ഠമായി തീരുമാനിക്കുകതന്നെ ചെയ്തു. ഇപ്രകാരം അവരുടെ അക്രമപ്രവർത്തനങ്ങൾ അതിർകടക്കുകയും നിരപരാധികളുടെ വധം അവർക്ക് ശിക്ഷ നൽകേണ്ടത് ആവശ്യമായിരിക്കുമാറ് വർദ്ധിച്ചുവരികയും ചെയ്തപ്പോൾ ആത്മരക്ഷാർത്ഥം പ്രതിരോധപരമായി യുദ്ധം ചെയ്തുകൊള്ളാൻ ദൈവം അവർക്ക് അനുവാദം നൽകി.

(മസീഹ് ഹിന്ദുസ്ഥാൻ മെ)

## ഇനി ഓട്ടോമാറ്റിക് വുളു!!

**ലണ്ടൻ:** ഇനി വുളു ചെയ്യാൻ പൈപ്പും, വെള്ളവും പരതി നടക്കേണ്ട. കൈകാലുകൾ നീട്ടിക്കൊടുത്താൽ മതി. കണിശമായ വുളു നടത്തുന്ന മിഷീൻ ഇതാ തയ്യാറായിക്കഴിഞ്ഞു. ഈ സംവിധാനത്തിൽ ചെവി, വായ, മുഖം, കൈകാലുകൾ എന്നിങ്ങനെ ഇസ്ലാം അനുശാസിക്കുന്ന എല്ലാ അവയവങ്ങളും വൃത്തിയാക്കാനുള്ള മാർഗ്ഗങ്ങളുണ്ട്. ഈ യന്ത്രത്തിലൂടെ വെള്ളത്തിന്റെ ദുരുപയോഗം പാടെ ഇല്ലാതാകുമത്രെ. അണുബാധ കൂടാതെ തീർത്തും വ്യക്തിപരമായിതന്നെ ഒരാളെ വുളു ചെയ്യുന്ന ഈ യന്ത്രം ഫ്ളൂയിഡ് ഡൈനാമിക്കും വാൾവ് കൺട്രോൾ ടെക്നോളജിയും ആണ് ഉപയോഗിക്കുന്നത്. ആസ്ത്രേലിയായിലുള്ള എയ്ഡ് വേൾഡ് വൈഡ് എന്ന കമ്പനിയാണ് വുളു യന്ത്രത്തിന്റെ നിർമ്മാതാക്കൾ.

# ഇറാനിലേക്ക് അഭയാർത്ഥി പ്രവാഹം

പ്രത്യേക ലേഖകൻ

**ടെഹ്റാൻ:** ഇറാന്റെ പാക്കിസ്ഥാൻ-അഫ്ഗാനിസ്ഥാൻ മേഖലയിലെ അതിർത്തി പ്രദേശങ്ങൾക്ക് സംവത്സരങ്ങളുടെ ഇടപെടലുകളുടെ ചരിത്രമുണ്ട്. ഇരുഭൂവിഭാഗവുമായും ഇറാൻ വംശീയ-സാംസ്ക്കാരിക വിനിമയം നടത്തിയിരുന്നു. എന്നാലിപ്പോൾ പാക്കിസ്ഥാനിലേയും അഫ്ഗാനിസ്ഥാനിലേയും സമാധാനമില്ലായ്മയും വളരുന്ന വംശീയ വൈരങ്ങളും ഇറാനിലേക്കുള്ള അഭയാർത്ഥി പ്രവാഹം വർദ്ധിപ്പിച്ചിരിക്കുന്നു. അഫ്ഗാനിസ്ഥാനിൽ ആഭ്യന്തരകലഹം വർദ്ധിച്ചതിനാൽ പ്രശ്നം കുടുതൽ വഷളായിരിക്കുകയാണ്. മാസന്തോറും 2000-4000 അഭയാർത്ഥികളാണിപ്പോൾ ഇറാനിലേക്ക് പ്രവഹിക്കുന്നത്.

അഫ്ഗാനിസ്ഥാനിൽ അടുത്തിടെ വൻതോതിൽ കറുപ്പ് വിളവെടുത്തിരുന്നു. അഫ്ഗാനിൽനിന്ന് യൂറോപ്പിലേക്കുള്ള മയക്കുമരുന്ന് കച്ചവടത്തിന്റെ പാത കടന്നുപോകുന്നത് ഇറാനിലൂടെയാണ്. ഈ മയക്കുമരുന്നിന്റെ സഞ്ചാരം ഇറാനിൽ കനത്ത പ്രശ്നങ്ങളാണുണ്ടാക്കുന്നത്. അക്രമസംഭവങ്ങൾ വർദ്ധിക്കുന്നത് ഇതുമായി ബന്ധപ്പെട്ടാണ്. ഇറാന്റെ സിസ്ത്താൻ-ബെലൂച് പ്രവിശ്യയിലെ കനത്ത അക്രമങ്ങൾ ഇങ്ങനെയുള്ള കനത്ത മയക്കുമരുന്ന് കടത്തിന്റെ ഫലമായിട്ടായിരുന്നു.

അഫ്ഗാനിസ്ഥാനിൽ സോവിയറ്റ് അധിനിവേശമുണ്ടായ 1979-ൽ ആണ് ആദ്യം ഇറാനിലേക്ക് അഭയാർത്ഥി പ്രവാഹമുണ്ടായത്. താലിബാൻ ഭരണം പിടിച്ചെടുത്ത 1990-കളുടെ മധ്യത്തിൽ താലിബാനോട് വിയോജിപ്പുള്ള വംശീയ വിഭാഗങ്ങളായ താജിക്കുകളും, ഹസാരകളും ഇറാനിലേക്ക് പ്രവഹിച്ചു. ഇക്കൂട്ടരാണെങ്കിൽ പരമ്പരാഗതമായിത്തന്നെ പേർഷ്യൻ ഭാഷയോടും സംസ്കാരത്തോടും അടുപ്പമുള്ളവരുമാണ്. ഇതിനുശേഷം മൂന്നാമത്തെ സമയത്തെ അഭയാർത്ഥിപ്രവാഹമാണിപ്പോൾ നടക്കുന്നത്. തുടർച്ചയായ ആഭ്യന്തര പോരാട്ടങ്ങൾ കാരണം അഭയാർത്ഥികളെ സൃഷ്ടിക്കുന്ന രാജ്യമായി അഫ്ഗാൻ പരിണമിച്ചിരിക്കുന്നു.



അഭയാർത്ഥികളെ നേരിടുന്നതിനുള്ള ഇറാനിയൻ തന്ത്രത്തിനും പ്രത്യേകതയുണ്ട്. 1979-ലെ വിപ്ലവത്തോടെ ഇസ്ലാമിക വീക്ഷണമാണിക്കാര്യത്തിൽ. ഇസ്ലാമിന് അതിർത്തികളില്ലെന്നും ഏതുരാജ്യത്തുനിന്നുള്ള മുസ്ലിംകളും തങ്ങളുടെ സഹോദരങ്ങളാണെന്നും ഇറാനിയൻ ഭരണകൂടം കരുതി. അതുകൊണ്ട് ആദ്യമാദ്യം അഭയാർത്ഥികളെ സർവ്വാത്മനാ സ്വീകരിക്കാൻ ഇറാൻ തയ്യാറായിരുന്നു. എന്നാലിപ്പോൾ പ്രശ്നത്തിന്റെ പ്രായോഗികവശം ഇറാന്റെ നയപരിപാടികളെ മാറ്റി മറിച്ചിരിക്കുന്നു. അഭയാർത്ഥികളെ സംരക്ഷിക്കുന്നതിനാവശ്യമായ ഫണ്ടില്ലാതെ ഇക്കാര്യത്തിൽ ഇറാനെ കുഴക്കുന്നു. പാശ്ചാത്യശക്തികളുമായി ബന്ധം മോശമായതോടെ പുറമേനിന്നുള്ള ധനസഹായങ്ങൾക്ക് പരിമിതിയുണ്ട്. വൈരുദ്ധ്യമെന്ന് പറയട്ടെ അഭയാർത്ഥികളെ സൃഷ്ടിക്കുന്ന പാക്കിസ്ഥാനും, അഫ്ഗാനിസ്ഥാനും ധനസഹായത്തിന്റെ കാര്യത്തിൽ ഒരു പങ്കുമില്ല താനും. ഇറാനിലെത്തിയ വലിയ ശതമാനം അഫ്ഗാൻ അഭയാർത്ഥികളേയും ഇറാൻ ഗവർമ്മെന്റ് ജോലിക്ക് നിയോഗിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളിലും, കൃഷിയിടങ്ങളിലും, മുൻസിപ്പാൽ തൊഴിലാളികളായും, വീട്ടുജോലിക്കാരായും ഇവർ ജോലി ചെയ്യുന്നു. എന്നാൽ, ഇതിന്റെ രണ്ടിരട്ടി (ഏതാണ്ട് 20 ദശലക്ഷം) അഫ്ഗാനികൾ ഇറാനിലുണ്ടെന്ന് കരുതപ്പെടുന്നു. പുതിയ അഭയാർത്ഥികളെ സ്വീകരിക്കണമെങ്കിൽ അതുകൊണ്ടുതന്നെ വമ്പിച്ച വിദേശസഹായം ഇറാന് ആവശ്യമുണ്ട്.

അഫ്ഗാനിൽനിന്നുള്ള അഭയാർത്ഥികളുടെ മതിയായ സംരക്ഷണത്തിനുവേണ്ടി വാദിക്കുന്ന ഒട്ടേറെ മനുഷ്യാവകാശ സംഘടനകൾ ഇറാനിലുണ്ട്. നോബൽ സമ്മാന ജേതാവ് ഷിറിൻ അബാദി ഇക്കൂട്ടർക്കുവേണ്ടി ശക്തമായി വാദിക്കുകയും ചെയ്യുന്നു. ഇവരുടെ അഭിപ്രായത്തിൽ ഇറാനിയൻ സ്ത്രീകളെ വിവാഹം കഴിക്കുകയും കുട്ടികളുണ്ടാവുകയും ചെയ്ത അഫ്ഗാനികൾക്ക് നിയമപരമായ പൂർണ്ണ അസ്തിത്വം ഉറപ്പുവരുത്തേണ്ടതാണ്. ഇതിനിടെ ചില വിവേചനങ്ങളുമുണ്ട്. ഇറാൻകാരിയിൽ അഫ്ഗാൻകാരന് ഉണ്ടായ മക്കൾക്ക് നിയമപരവും സാമൂഹികവുമായ നിലനിൽപ്പ് പ്രശ്നമാണ്. നേരെമറിച്ച് അഫ്ഗാൻ സ്ത്രീയുടെ ഇറാൻകാരനായ പിതാവിനുണ്ടായ മക്കൾക്ക് വലിയ പ്രശ്നമില്ല.

അഫ്ഗാൻ അഭയാർത്ഥികളെ തിരിച്ചയക്കുന്നതിനോട് ഡോ. ഷിറിൻ അബാദിയെപ്പോലുള്ളവർ യോജിക്കുന്നില്ല. നിർബന്ധപൂർവ്വം ഒരാളേയും തിരിച്ചയക്കരുതെന്നാണ് ഇതര മനുഷ്യാവകാശ സംഘടനകളുടെയും വാദം. ചുരുക്കത്തിൽ വ്യത്യസ്തമായ കാരണങ്ങളാൽ ഇറാന് അഭയാർത്ഥികൾ തലവേദനയാകുന്നു. അന്താരാഷ്ട്ര സമൂഹമാണെങ്കിൽ ഈ പ്രശ്നത്തിൽ ഇപ്പോഴും മൗനത്തിലാണ്. (അവലംബം, ദ ഹിന്ദു, 16.08.08).

# ഇറാനിൽ കല്ലെറിഞ്ഞു കൊല്ലൽ നിറുത്തുന്നു

**ടെഹ്റാൻ:** ഇറാനിൽ കുറ്റവാളികളെ കല്ലെറിഞ്ഞു കൊല്ലുന്ന സമ്പ്രദായം നിറുത്തലാകുന്നു. ആംനസ്റ്റി ഇന്റർനാഷണൽ അടക്കമുള്ള അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടനകളുടെ ദീർഘനാളായുള്ള ആവശ്യമായിരുന്നു ഇത്. ഇറാനിൽ നിലവിലുള്ള നിയമപ്രകാരം അവിഹിത ലൈംഗികബന്ധങ്ങൾക്കാണ് ഇത്തരം വധശിക്ഷ വിധിച്ചിരുന്നത്. ഇപ്പോഴും കല്ലെറിഞ്ഞു കൊല്ലാനായി ശിക്ഷിക്കപ്പെട്ടവർ ഇറാനിയൻ ജയിലുകളിൽ കഴിയുന്നുണ്ട്. അന്താരാഷ്ട്ര സംഘടനകളുടെ കണക്കുപ്രകാരം എട്ടോളം സ്ത്രീകളും ഒരു പുരുഷനും ഇങ്ങനെ തടവിൽ കഴിയുന്നുണ്ട്.

ഇറാനിലെ നിയമപ്രകാരം കല്ലെറിഞ്ഞു വധിക്കപ്പെടേണ്ടുന്ന വ്യക്തിയെ അരമുതൽ മൂടിയിരിക്കണം. സ്ത്രീയാണെങ്കിൽ നെഞ്ചുവരെ മറച്ചിരിക്കണം. ഈ ശിക്ഷയ്ക്ക് ഉപയോഗിക്കുന്ന കല്ല് പെട്ടെന്ന് കൊല്ലാനല്ല മറിച്ച്, അപരാധിക്ക് വേദന അറിഞ്ഞ് മരിക്കാനുള്ള പാകത്തിലുള്ളതായിരിക്കണം. ഇപ്പോൾ ജയിലിൽ കഴിയുന്ന പലർക്കും പുതിയ തീരുമാനം ഉപകാരപ്രദമാണ്. ഇതിനോടകംതന്നെ ജയിൽവാസമനുഭവിക്കുന്ന രണ്ടുപേരുടെ വധശിക്ഷ 10 വർഷത്തെ തടവാക്കി മാറ്റിയിട്ടുണ്ട്. പുതിയ നിയമത്തിന് പക്ഷേ ഇറാനിൽ പൂർണ്ണമായ തോതിൽ സ്വീകാര്യത ലഭിക്കാൻ കാലതാമസം നേരിടേണ്ടിവരും. മനുഷ്യാവകാശ പ്രവർത്തകരുടെ കണക്കുപ്രകാരം ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ 8 സ്ത്രീകൾ കല്ലെറിഞ്ഞു കൊല്ലപ്പെട്ടിട്ടുണ്ട്.

# കൊതുകുനിവാരണം



**പഴയങ്ങാടി:** പഴയങ്ങാടി മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പ്രവർത്തകർ പഴയങ്ങാടി പള്ളിയിലും പരിസരങ്ങളിലുമായി കൊതുകുനിവാരണ പ്രവർത്തനങ്ങൾ നടത്തി. പള്ളിയിലും പരിസരങ്ങളിലെ വീടുകളിലും കൊതുകുനിവാരണ ലേപനം തളിച്ചു കൊണ്ട് ഖാദിംകൾ മാതൃക കാട്ടി. പഴയങ്ങാടി ഖായിദ് അബ്ദുൽ റഹീം, മുദസ്സർ, ത്വയ്യിബ്, വസീം അഹ്മദ്, ഉബൈദ് തുടങ്ങിയവർ നേതൃത്വം നൽകി.

# അഹ്മദി ഘാതകരെ വെറുതെ വിട്ടു

**ഗുജ്റൻവാല:** കോളിളക്കം സൃഷ്ടിച്ച മോംഗ് കൂട്ടക്കൊല പ്രതികളെ ഗുജ്റൻവാലയിലെ ഭീകരവിരുദ്ധ കോടതി നിരുപാധികം വിട്ടയച്ചു. 2005 ഒക്ടോബർ 7-ന് സുബ്ഹി നമസ്കാര സമയത്ത് മോംഗിലുള്ള പള്ളിയിൽ കടന്ന് 8 അഹ്മദികളെ വെടിവെച്ചുകൊല്ലുകയും 20 പേരെ പരിക്കേല്പിക്കുകയും ചെയ്തതിനായിരുന്നു കേസ്. സംഭവം നടന്ന് മാസങ്ങൾക്കുശേഷമാണ് പോലീസ് പ്രതികളെ അറസ്റ്റ് ചെയ്തത്. പോലീസധികൃതർ പ്രതികൾക്ക് ശിക്ഷ കിട്ടുമെന്ന് ഏറെക്കുറെ പ്രതീക്ഷിച്ചിരുന്നുവെങ്കിലും ജഡ്ജി ദയാപൂർവ്വം പെരുമാറുകയായിരുന്നു. നിരോധിക്കപ്പെട്ട ലഷ്കറെ-ജംഗ്വി പ്രവർത്തകരായിരുന്നു പ്രതികൾ.

# ഇജ്ത്തിമാഅ് വിജയികൾ

## *സ്പോർട്സ് മത്സരങ്ങൾ*

| | |
|---|---|
| *100 മീ. ഓട്ടം* | 1. ഇല്യാസ് (പാലക്കാട് സോൺ) |
| | 2. മൻസൂർ (മലപ്പുറം സോൺ) |
| | 3. അമീർ അലി (കോഴിക്കോട് സോൺ) |
| *200മീ.ഓട്ടം* | 1. ഇല്യാസ് (പാലക്കാട് സോൺ) |
| | 2. അമീർ അലി (കോഴിക്കോട് സോൺ) |
| | 3.ബാബു (എറണാകുളം സോൺ) |
| *ലോങ്ങ്ജംപ്* | 1. സഫിൽ അഹ്മദ് (പാലക്കാട് സോൺ) |
| | 2. ജവാഹർ (കണ്ണൂർ സോൺ) |
| | 3. ഫസൽ (മലപ്പുറം സോൺ) |
| *ഷോട്ട്പുട്ട്* | 1. ബഷീർ (കോഴിക്കോട് സോൺ) |
| | 2. റിയാസ് (തിരുവനന്തപുരം സോൺ) |
| | 3. മൻസൂർ (പാലക്കാട് സോൺ) |
| *ഡിസ്കസ്ത്രോ* | 1. ജംനാസ് (കോഴിക്കോട് സോൺ) |
| | 2. അദീബ് ജലീൽ (തിരുവനന്തപുരം സോൺ) |
| | 3. ഡാനിഷ് (മലപ്പുറം സോൺ) |
| *ജാവലിൻത്രോ* | 1. മുനീർ (മലപ്പുറം സോൺ) |
| | 2. മൻസൂർ (കോഴിക്കോട് സോൺ) |
| | 3. അദിബ്ജലീൽ (തിരുവനന്തപുരം സോൺ) |
| *ഫുട്ബോൾ* | ചാമ്പ്യൻസ്- പാലക്കാട് മേഖല |
| | റണ്ണേർസ് - മലപ്പുറം മേഖല |

## *വൈജ്ഞാനിക മത്സരങ്ങൾ*

| | |
|---|---|
| *തിലാവത്ത്* | 1. ഹാഫിസ് അബുൽവഫാ, കോഴിക്കോട് |
| | 2. യാസർ അറഫാത്ത്, കോഴിക്കോട് |
| | 3. സാബിത്ത് അഹ്മദ്, തിരുവനന്തപുരം |
| *പ്രസംഗം* | 1. ജംനാസ്, കോഴിക്കോട് |
| | 2. ജിജിൻ നിസാർ, കണ്ണൂർ |
| | 3. നസീർഹുസൈൻ, കോഴിക്കോട് |
| *മലയാളപദ്യം* | 1. സാബിത്ത് അഹ്മദ്, തിരുവനന്തപുരം |
| | 2. മുഹ്സിൻ, കോഴിക്കോട് |
| | 3. നിഷാദ് അസീസ്, കണ്ണൂർ |
| *ജനറൽ ക്വിസ്* | 1. മാത്തോട്ടം മജ്ലിസ്, കോഴിക്കോട് |
| | 2. പഴയങ്ങാടി മജ്ലിസ്, കണ്ണൂർ |
| | 3. മോഗ്രാൽ മജ്ലിസ്, കണ്ണൂർ |
| *ഉർദു പദ്യം* | 1. നിഷാദ്, എറണാകുളം |
| | 2. നദിം സാദിഖ്, കണ്ണൂർ |
| | 3. സാബിത്ത് അഹ്മദ്, തിരുവനന്തപുരം |
| *അറബി പദ്യം* | 1. സാബിത്ത് അഹ്മദ്, തിരുവനന്തപുരം |
| | 2. നിഷാദ് അസീസ്, കണ്ണൂർ |
| | 3. സനീറുദ്ദീൻ, എറണാകുളം |
| *ചുമർപത്രിക* | 1. കണ്ണൂർ സിറ്റിമജ്ലിസ്, കണ്ണൂർ |
| | 2. മാത്തോട്ടം മജ്ലിസ്, കോഴിക്കോട് |
| | 3. കോഴിക്കോട് മജ്ലിസ്, കോഴിക്കോട് |
| *സംഘഗാനം* | 1. കണ്ണൂർ ടൗൺ മജ്ലിസ്, കണ്ണൂർ |
| | 2. മാത്തോട്ടം മജ്ലിസ്, കോഴിക്കോട് |
| | 3. കരുനാഗപ്പള്ളി മജ്ലിസ്, തിരുവനന്തപുരം |
| *ഖുത്ബ ക്വിസ്* | 1. മാത്തോട്ടം മജ്ലിസ്, കോഴിക്കോട് |
| | 2. കരുനാഗപ്പള്ളി മജ്ലിസ്, തിരുവനന്തപുരം |
| | 3. കണ്ണൂർടൗൺ മജ്ലിസ്, കണ്ണൂർ |
| *പ്രബന്ധ രചന* | 1. ശരീഫ് അഹ്മദ്. ടി.കെ |
| | 2. യാസർ അറഫാത്ത്, കോഴിക്കോട് |
| | 3. നിഷാദ് അസീസ്, കണ്ണൂർ |

സ്പോർട്സ് മത്സരങ്ങളിൽ പാലക്കാട് മേഖല ഓവർറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. മലപ്പുറം മേഖല രണ്ടാം സ്ഥാനം നേടി. വൈജ്ഞാനിക മത്സരങ്ങളിൽ കോഴിക്കോട് മേഖല ചാമ്പ്യന്മാരായി. കണ്ണൂർ മേഖലയ്ക്കാണ് രണ്ടാംസ്ഥാനം. കരുനാഗപ്പള്ളി മജ്ലിസിലെ (തിരുവനന്തപുരം മേഖല) സാബിത്ത് അഹ്മദ് വൈജ്ഞാനിക മത്സരങ്ങളിലെ വ്യക്തിഗത ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി.

## മഞ്ചേരി സമ്മേളനം



മഞ്ചേരിയിൽ 22.8.08-ന് നടന്ന ഖിലാഫത്ത് ജൂബിലി സമ്മേളനം; ഉദ്ഘാടന ചടങ്ങിന്റെ ദൃശ്യം (വിശദമായ റിപ്പോർട്ട് അടുത്ത ലക്കം അൽഹഖിൽ)

## അറിയിപ്പ്

അൽഹഖിലേക്കുള്ള ലേഖനങ്ങൾ, കവിതകൾ, കത്തുകൾ തുടങ്ങിയവ താഴെ പറയുന്ന വിലാസത്തിൽ അയച്ചുതരാൻ അപേക്ഷ.

**എഡിറ്റർ,**
**അൽഹഖ്,**
C/o **അഹ്മദിയ്യാ കോംപ്ലക്സ്,**
**ഫോർട്ട് റോഡ്, കണ്ണൂർ-1**

# പുരോഗതിയുടെ പുതുവഴികൾ

**സ്വന്തം ലേഖകൻ**

**ലണ്ടൻ:** അനുഗ്രഹങ്ങളുടെ പുതുമഴ പെയ്യുന്ന വാർത്തകൾ അഹ്മദിയ്യാ ജമാഅത്തിനെ കാത്തിരിക്കുന്നു. ലണ്ടൻ ജൽസ വേളയിൽ ഖലീഫത്തുൽ മസീഹ് ഖാമിസ്(അയ്യദഹുല്ലാഹ്) നടത്തിയ പ്രഖ്യാപനം ഈ സുവിശേഷത്തിന്റെ രജത രേഖയായി. പതിനായിരങ്ങൾ നിറഞ്ഞ ലണ്ടൻ ഹദീഖത്തുൽ മഹ്ദിയിൽ ഹുസൂർ നടത്തിയ പ്രഖ്യാപനത്തിൽനിന്ന്-

കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പുതിയ നാല് രാജ്യങ്ങളിലേക്കു കൂടി അഹ്മദിയ്യാ ജമാഅത്ത് പ്രവേശിച്ചു. ഇതോടെ 193 രാജ്യങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത്. പുതിയ 593 പ്രാദേശിക ജമാഅത്തുകൾ രൂപീകരിച്ചു. ഇക്കൂട്ടത്തിൽ 15 എണ്ണം ഇന്തോനേഷ്യയിലാണെന്നത് പ്രത്യേക ശ്രദ്ധയാകർഷിക്കുന്ന കാര്യമാണ്. സമാധാനത്തിന്റെ ദൗത്യവുമായി 351 പുതിയ പള്ളികളാണ് ജമാഅത്ത് പടുത്തുയർത്തിയിട്ടുള്ളത്. ഇക്കൂട്ടത്തിൽ കാനഡയിലെ കാൽഗരിയിലെ പുതിയ പള്ളിയും ഉൾപ്പെടുന്നു. ഇത് വടക്കേ അമേരിക്കയിലെതന്നെ ഏറ്റവും വലിയ പള്ളിയായിട്ടാണ് കരുതപ്പെടുന്നത്.

പുതിയ പള്ളികളുടെ നിർമ്മാണം ലോകത്തിന്റെ എല്ലാ ഭാഗത്തും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ബ്രോഡ്ഫോർഡിലെ പുതിയ പള്ളി ഈ വർഷാവസാനത്തോടെ ഉദ്ഘാടനത്തിന് സജ്ജമാകും. 'സ്നേഹം എല്ലാവരോടും; ആരോടുമില്ല വെറുപ്പ്' എന്ന മുദ്രാവാക്യവുമേന്തി ലോകത്തിന്റെ വിവിധ കോണുകളിലായി 135 ഓളം മിഷൻ ഹൗസുകൾ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് പുതുതായി ആരംഭിച്ചിട്ടുണ്ട്.

പൂർണ്ണസജ്ജമായ ഒട്ടേറെ പ്രസ്സുകൾ പതിനൊന്നു രാജ്യങ്ങളിലായി അഹ്മദികൾക്കുണ്ട്. ഇവയൊക്കെ ലണ്ടനിലെ റഖീം പ്രസ്സിന്റെ മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഘാനയിലേയും നൈജീരിയായിലേയും പ്രസ്സുകൾ ഇതിലുൾപ്പെടുന്നു. പുതിയ നാലു ഭാഷകളിലേക്കുകൂടി ഖുർആൻ തർജമ പുറത്തിറക്കിയിട്ടുണ്ട്. ബോസ്നിയൻ, തായ് ഭാഷകൾ ഇതിലുൾപ്പെടുന്നു.

ഈ വർഷം ജമാഅത്തിലേക്ക് പ്രവേശിക്കുന്ന ആളുകളുടെ സംഖ്യയും വർദ്ധിച്ചു. മറ്റൊരു സവിശേഷത സ്വപ്നദർശനം വഴി ജമാഅത്തിൽ ചേരാനെത്തുന്ന ഒട്ടേറെ ആളുകൾ ഉണ്ടെന്നതാണ്. ഇവർ സ്വപ്നങ്ങളിൽ ഹദ്റത്ത് അഹ്മദി(അ)നെ കാണുകയും അങ്ങനെ ജമാഅത്തുമായി ബന്ധപ്പെടുകയുമാണ് ചെയ്യുന്നത്. എം.ടി.എ വഴി ജമാഅത്തിനെ പരിചയപ്പെടുന്നവരും ഏറിവരികയാണ്. വഖ്ഫെ പദ്ധതിയിൽ പുതുതായി 2325 കുട്ടികൾ ചേർന്നു. ഇതുവഴി വഖ്ഫെനൗ പദ്ധതിയിലെ കുട്ടികളുടെ എണ്ണം 37000-ൽ അധികമായി.

ജമാഅത്തിന്റെ വിശ്രുതമായ നുസ്രത്ത് ജഹാൻ സ്കീം അനുസരിച്ച് ആഫ്രിക്കൻ രാജ്യങ്ങളിൽ ഒട്ടേറെ ആശുപത്രികളും 510 സ്കൂളുകളും തുടങ്ങിയിട്ടുണ്ട്. അതിമഹത്തായ ദൈവാനുഗ്രഹത്താൽ 3,54,638 ആളുകൾ ഇക്കൊല്ലം ജമാഅത്തിലേക്ക് പ്രവേശിക്കുകയുണ്ടായി. ഇത് ലോകത്തിന്റെ 101 രാജ്യങ്ങളിലായിട്ടാണ് നടന്നത്.

പേജ് 1-ൽനിന്ന്

ഞതുപോലെ നാം അതിനെ നിവർത്തിക്കാണിക്കാൻ ആഗ്രഹിക്കുന്നു എന്നതുകൊണ്ടുമാത്രമാണ്. വിശുദ്ധഖുർആന് കഥയേക്കാളുപരി ഒരു സ്ഥാനം നല്കാൻ അവരാഗ്രഹിക്കുന്നില്ല. നമുക്കിത് സഹിക്കാൻ വയ്യ. വിശുദ്ധ ഖുർആൻ ജീവസ്സുറ്റതും തെളിമയാർന്നതുമായ ഒരു ഗ്രന്ഥമാണ് എന്ന് അല്ലാഹു നമുക്ക് വെളിപ്പെടുത്തിത്തന്നിരിക്കുന്നു. അതുകൊണ്ട് അതിനെ എതിർക്കുന്നതിനെ നാം എന്തിന് ഗൗനിക്കണം. ചുരുക്കത്തിൽ ഞാനുമായി ബന്ധം വയ്ക്കുന്നവരെ ആവർത്തിച്ചാവർത്തിച്ച് ഉപദേശിക്കുകയാണ്, അല്ലാഹു ഈ ജമാഅത്തിനെ യാഥാർത്ഥ്യങ്ങൾ വെളിപ്പെടുത്തിന്നു വേണ്ടിയാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതുകൂടാതെ കർമ്മപരമായ ജീവിതത്തിൽ, ഒരു പ്രകാശമോ വെളിച്ചമോ ഉണ്ടാവുകയില്ല. പ്രാവർത്തികമായ സത്യതയിലൂടെ ഇസ്ലാമിന്റെ ഗുണങ്ങൾ ലോകത്ത് വെളിപ്പെടണമെന്ന് ഞാൻ ആഗ്രഹിക്കുന്നു; അല്ലാഹു എന്നെ ഈ ജോലിക്കായി നിയോഗിച്ചിരിക്കുന്നതുപോലെതന്നെ. അതിനാൽ വിശുദ്ധഖുർആൻ അധികമായി പാരായണം ചെയ്യുക; വെറും കഥയെന്നോണമല്ല- മറിച്ച്, ഒരു നിർബന്ധ കടമയാണെന്ന് കരുതി.''

നന്മകളിൽ മുൻകടക്കുന്നവർ തന്നോട് ആരേയും പങ്കുചേർക്കുകയില്ലെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. മസീഹ് മൗഊദ് വരുന്ന കാലഘട്ടത്തിന്റെ അവസ്ഥകൾ വിവരിച്ചുകൊണ്ട് അല്ലാഹു സൂറഃ ജുമുഅയിൽ പറയുന്നു, ഗോപ്യമായ ശിർക്കുകൾ അക്കാലത്തെ മുസ്ലിംകളിൽ കാണാൻ കഴിയും. അതായത് മുസ്ലിംകൾ എന്ന് പറയപ്പെട്ടിട്ടും ആരാധനാകർമ്മങ്ങളിലേക്ക് ശ്രദ്ധയുണ്ടാവുകയില്ല. വ്യാപാരങ്ങളും അലങ്കാരവസ്തുക്കളും നമസ്കാരത്തേക്കാൾ കൂടുതൽ പ്രിയങ്കരമായി അവർ കാണുന്നുണ്ടാകും.നന്മകളിൽ അഭിവൃദ്ധിപ്പെടുന്നതിനു പകരം യഹൂദികളേയും ക്രിസ്ത്യാനികളേയും പോലെ ഇസ്ലാമിന്റേയും ഖുർആന്റേയും പാഠങ്ങളെ അവർ മറന്നുകൊണ്ടിരിക്കും. ആരാധനാകർമ്മങ്ങളിലേക്കും സൽകർമ്മങ്ങൾ ചെയ്യുന്നതിലേക്കും ശ്രദ്ധ നന്നേ കുറവായിരിക്കും. ഇന്ന് മുസ്ലിംകളിൽ ഭൂരിഭാഗവും ഇതേ പാതയിലൂടെ നടക്കുന്നത് നാം കാണുന്നു. ഇത് നമ്മളെ ഉണർത്തേണ്ടതാണ്. അതായത് നമ്മളും ശരീരേച്ഛയുടെ വഞ്ചനയിൽ നമ്മെ അകപ്പെടുത്തുന്നുണ്ടോ എന്ന് പരിശോധന നടത്തിക്കൊണ്ടിരിക്കണം.

വെറും പാരായണം ചെയ്യുന്നതുകൊണ്ടു മോക്ഷംലഭിക്കുകയില്ല എന്നത് മനസ്സിലാക്കേണ്ടതാണ്. ഖുർആൻ പാരായണവും നല്ല പ്രവർത്തിയാണെന്നത് ശരിതന്നെ. വിശുദ്ധഖുർആൻ പറഞ്ഞിട്ടുള്ളതുമാണത്. പക്ഷേ, അല്ലാഹു ആരാധന എന്നത് മനുഷ്യസൃഷ്ടിയുടെ ഉദ്ദേശ്യമായി പറഞ്ഞിരിക്കുന്നു. ചില ആരാധകർക്ക് ശാപമുണ്ടാകുമെന്നുംപറഞ്ഞിട്ടുണ്ട്. അത്എന്തുകൊണ്ടാണ്? അത് മറ്റുള്ളവരെ കാണിക്കാൻ വേണ്ടിനടത്തുന്ന ആരാധനയാണ്. മനസ്സുകൊണ്ട് അതനുഷ്ഠിക്കപ്പെടുന്നില്ല. അതിനാൽ, പാരായണം മാത്രം മോക്ഷത്തിന് കാരണമാവുകയില്ല. ചിന്തിക്കാതെ, വചനങ്ങൾ ഓതിയതുകൊണ്ടുമാത്രം അതിൽ മോക്ഷം ലഭിക്കുകയില്ല. അല്ലാഹുവിന്റെ വിശേഷഗുണങ്ങൾ മനസ്സിലാക്കാതേയും അതിൽനിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കാൻ പ്രാർത്ഥിക്കാതേയും അതിനുവേണ്ടി പരിശ്രമിക്കാതേയും സ്വന്തം ആരാധനയുടെ നിലവാരം ഉയർത്താതേയും ദൈവത്തിനു വേണ്ടി മാത്രം ആരാധന നടത്താതെയും സൽകർമ്മങ്ങൾ ചെയ്യാൻ പ്രയത്നിക്കാതെയും ഖുർആനിൽ പറഞ്ഞ നന്മകളിൽ ചിന്തിച്ച് അത് നടപ്പിൽ വരുത്താൻ ഉത്സാഹിക്കാതേയും കണ്ട് വെറും ഖുർആൻ പാരായണം ചെയ്യുകയാണെങ്കിൽ അത് നിഷ്പ്രയോജനമായിരിക്കും. (ഖുത്ബ, 8.8.08)

വാർത്താവിശകലനം

ഷാജിർ അഹ്മദ്

# പാഠപുസ്തകങ്ങൾക്കുമപ്പുറം

**കേ**രളത്തിന്റെ രാഷ്ട്രീയ സന്നിപാതം മൂർച്ഛിച്ചത് പാഠപുസ്തക വിവാദത്തോടെയാണ്. വലിയ കോലാഹലങ്ങളും, സമരങ്ങളും ആരോപണ പ്രത്യാരോപണങ്ങളും അന്തരീക്ഷത്തെ മുഖരിതമാക്കുമ്പോൾ, ചില ചോദ്യങ്ങൾക്ക് സാംഗത്യമുണ്ട്. അറിവ് ഏകപക്ഷീയമാണോയെന്നതാണിതിൽ പ്രധാനം. അറിവ് പകരുന്നതും പകർത്തേണ്ടതും സുതാര്യമായ മനസ്സോടെയാകണം. കൃത്യമായ ഹിഡ്ഡൻ അജണ്ടകളും ദുർബോധനങ്ങളും പാഠപുസ്തകങ്ങളുടെ താളുകളിലേക്ക് വന്നുകൂടാ. അതിനുള്ള ഉത്തരവാദിത്തം ജനാധിപത്യത്തിന്റെ കാവലാളുകൾക്കും, സംവിധാനങ്ങൾക്കുമുണ്ട്.

പാഠപുസ്തകങ്ങളുടെ വിഷയത്തിൽ പക്ഷേ ഒരത്ഭുതമുണ്ടായി. മുസ്‌ലിം കോ-ഓർഡിനേഷൻ കമ്മറ്റിയെന്ന മുസ്‌ലിം ഐക്യസംഘടന ശക്തമായ പ്രതിഷേധമാണ് ഇക്കാര്യത്തിൽ കാണിച്ചത്. മറ്റൊരു വിഷയത്തിലും ഒത്തുചേരാത്ത മുസ്‌ലിം സംഘടനകളുടെ ഐക്യത്തിന് അധികനാൾ കണ്ടില്ലെങ്കിലും ജമാഅത്തെ ഇസ്‌ലാമി, കാന്തപുരം, ഇ.കെ, രണ്ട് മുജാഹിദ് വിഭാഗങ്ങൾ എന്നിങ്ങനെ വിവിധതരക്കാർ ഒത്തുകൂടിയത് പുതുമ തന്നെയായിരുന്നു. പാഠപുസ്തകത്തിലെ മുസ്‌ലിം വിരുദ്ധത അഥവാ മതനിഷേധം ഉടൻ പിൻവലിക്കുകയായിരുന്നു ഈ കമ്മറ്റിയുടെ അടിയന്തിരാവശ്യം. ആവശ്യപ്പെടലിന്റെ ധാർമ്മികത തെരുവിൽ ചോദ്യം ചെയ്യപ്പെട്ടപ്പോൾ ചിലരെങ്കിലും ചിന്തിച്ചത് മറ്റൊരു കാര്യമാണ്.

കാര്യം ഡാർവിനിസം തന്നെയാണ്. വർഷങ്ങളായി സ്കൂൾ ക്ലാസ്സുകളിൽ പഠിപ്പിക്കുന്നത് പരിണാമസിദ്ധാന്തമാണല്ലോ. മനുഷ്യൻ കുരങ്ങിൽനിന്ന് പരിണമിച്ചുണ്ടായതാണെന്ന ഡാർവിൻ സിദ്ധാന്തത്തെ ശാസ്ത്രലോകം അംഗീകരിച്ചതാണ്. എന്നാൽ, മുസ്‌ലിം തത്ത്വസംഹിതകൾ അനുസരിച്ച് മനുഷ്യൻ കുരങ്ങിൽനിന്ന് വന്നതേയല്ല. മറിച്ച്, സസ്യത്തെപ്പോലെ മുളപ്പിച്ചുനിറുത്തിയ മനുഷ്യനെ ഘട്ടം ഘട്ടമായി അല്ലാഹു വികസിപ്പിച്ചെടുക്കുകയായിരുന്നു. ഇസ്‌ലാമിക സിദ്ധാന്തങ്ങളനുസരിച്ച് കുരങ്ങുമായി മനുഷ്യന് യാതൊരു ബന്ധവുമില്ല. അപ്പോൾ കൂടുതൽ മുസ്‌ലിംവിരുദ്ധമായത് ഡാർവിനിസത്തെക്കുറിച്ചുള്ള പഠനമല്ലേ?

ചുരുക്കത്തിൽ മുസ്‌ലിം കോ-ഓർഡിനേഷൻ കമ്മറ്റിയുടെ സമരം വെറും കോപ്രായമാകുന്നു. രാഷ്ട്രീയമായ ചലനങ്ങളുടെ അനുരണനങ്ങളിൽ മതത്തെ കലർത്തുന്നത് ഇതാദ്യമല്ല. പക്ഷേ, വ്യർത്ഥമായ കാര്യങ്ങൾക്കുവേണ്ടി തെരുവിലിറങ്ങുമ്പോൾ ഇതൊന്നും ആരുമറിയുന്നില്ല. രാഷ്ട്രീയത്തെ മതവുമായി കലർത്തുന്ന മൗദൂദിയൻ ചിന്താസരണിയുടെ വൈരുദ്ധ്യങ്ങളിൽ ചിലതാണിത്. രാഷ്ട്രീയത്തിന്റെ സമ്മോഹനത മതത്തേക്കാളും വിലമതിക്കപ്പെടുന്നു. മുസ്‌ലിംലീഗുപോലുള്ള രാഷ്ട്രീയകക്ഷികൾ മുസ്‌ലിം ജനവികാരത്തെ രാഷ്ട്രീയ സമവാക്യങ്ങളിലെ കരുവാക്കിയേക്കാം. പക്ഷേ, പൂർണ്ണമായും ആത്മീയപക്ഷമുള്ള ഇതര മുസ്‌ലിം സംഘടനകൾ ഇത്തരം വൈവിധ്യങ്ങൾ തിരിച്ചറിയുന്നില്ലായെന്നതത്രെ പ്രധാന പ്രശ്നം.

# പാക്കിസ്ഥാനിൽ അഹ്മദി വിദ്യാർത്ഥിവേട്ട തുടരുന്നു

**പാക്കിസ്ഥാൻ:** പഞ്ചാബ് മെഡിക്കൽ കോളേജിൽ നടന്ന ആക്രമണത്തിന് പിന്നാലെ റാവൽപിണ്ടിയിലും ഭഹവൽപൂരിലും അഹ്മദി വിദ്യാർത്ഥികൾക്കെതിരെ അക്രമം നടന്നു. ആഴ്ചകളായി തുടരുന്ന സാമൂഹിക ബഹിഷ്കരണത്തെത്തുടർന്ന് മൂന്ന് അഹ്മദി വിദ്യാർത്ഥികൾ റാവൽപിണ്ടി മെഡിക്കൽ കോളേജ് ഹോസ്റ്റലിൽ നിന്നും ബന്ധുവീട്ടിലേക്ക് താമസം മാറ്റി. ജൂൺ 11-ന് അർദ്ധരാത്രി ഒരു സംഘം വിദ്യാർത്ഥികൾ ഇവരെ മുറിയിലിട്ട് പൂട്ടിയിരുന്നു. ഇതിനെത്തുടർന്ന് ആൺ കുട്ടികളും ഹോസ്റ്റലിൽ നിന്നും താമസം മാറ്റിയിട്ടുണ്ട്. തുടർന്ന് അഹ്മദി വിദ്യാർത്ഥികളെ കോളേജിൽനിന്നും പുറത്താക്കണമെന്നാവശ്യപ്പെട്ട് അക്രമിസംഘം പ്രിൻസിപ്പലിന് നിർദ്ദേശം നൽകി. ഫൈസലാബാദിലെ പഞ്ചാബ് മെഡിക്കൽ കോളേജിൽനിന്നും പുറത്താക്കിയ ചില അഹ്മദി വിദ്യാർത്ഥികളെ റാവൽപിണ്ടി മെഡിക്കൽ കോളേജിലേക്ക് മാറ്റാനുള്ള നീക്കത്തെ അക്രമികൾ ചെറുക്കുകയാണ്. പ്രതിഷേധത്തെത്തുടർന്ന് അഹ്മദി അധ്യാപകനായ പ്രൊഫ. ഡോ. ഫാറൂഖ് ഖാനെ പ്രവേശിച്ചിട്ടുണ്ട്. ഭഹവൽപൂരിലെ ഖായിദെ-അഅ്സം മെഡിക്കൽ കോളേജിലെ അഹ്മദി വിദ്യാർത്ഥികൾക്കെതിരെ കുപ്രചാരണങ്ങളടങ്ങിയ നോട്ടീസുകൾ വിതരണം ചെയ്തു. അഹ്മദിയ്യാ ജമാഅത്തിന്നെതിരെ അനഹ്മദി വിദ്യാർത്ഥികൾ വിഷം കുത്തിവെച്ച് അഹ്മദി വിദ്യാർത്ഥികൾക്കെതിരെ അക്രമം സംഘടിപ്പിക്കാനാണ് ഗൂഢാലോചന നടത്തുന്നത്. പ്രാദേശിക മുല്ലമാരുടെ സഹകരണത്തോടെ ജമാഅത്ത് അഹ്‌ലെ സുന്നത്ത്, മജ്‌ലിസ് തഹഫുസ്, നമൂസ്, റസാലത്ത്, ഖത്മെ നുബുവ്വത്ത് എന്നീ സംഘടനകളാണ് അഹ്മദി വിദ്യാർത്ഥികൾക്കെതിരെ കലാപത്തിന്നൊരുങ്ങുന്നത്.

# വിദ്യാഭ്യാസ സായാഹ്നം

**പഴയങ്ങാടി:** പഴയങ്ങാടി അഹ്മദിയ്യാ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ മാടായി പഞ്ചായത്ത് ഹാളിൽ വിദ്യാഭ്യാസ സായാഹ്നം സംഘടിപ്പിച്ചു. ചടങ്ങിൽ പ്രാദേശിക അമീർ സലീം സാഹിബ് അധ്യക്ഷത വഹിച്ചു. അബ്ദുല്ലാ സുബൈർ സാഹിബ് വ്യക്തിത്വ വികസന ക്ലാസ്സും പ്രൊഫ: ബാബു കരിയർ ഗൈഡൻസ് ക്ലാസ്സും നടത്തി. ചടങ്ങിൽ പ്രൊഫ. മഹ്മൂദ് അഹ്മദ് സ്വാഗതം പറഞ്ഞു. പ്രസ്സ് ഫോറം പ്രസിഡണ്ട് സുധീർ, ഷാജിർ അഹ്മദ് എന്നിവർ ആശംസകൾ നേർന്നു. ചടങ്ങിൽ ഉന്നത വിജയം നേടിയ അനസ് റഹ്മാൻ ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്ക് ഉപഹാരവും സമർപ്പിച്ചു.



# ആഫിയ സിദ്ദീഖിയുടെ തിരോധാനം

പ്രത്യേക ലേഖകൻ

**കറാച്ചി:** കറാച്ചിയിൽനിന്ന് 2003 മാർച്ച് 30-ന് ദുരൂഹമായ സാഹചര്യത്തിൽ കാണാതായ ആഫിയ സിദ്ദിഖി എന്ന പാക്കിസ്ഥാനി യുവതി ഇപ്പോഴും അമേരിക്കൻ കസ്റ്റഡിയിൽ കഴിയുന്നുണ്ട്. പാക്ക് അധികൃതരും, മറ്റധികാരസ്ഥാപനങ്ങളും ആദ്യം ആഫിയയുടെ തിരോധാനം നിഷേധിക്കുകയായിരുന്നു. വിചിത്രമായി തോന്നുന്നത് ആഫിയക്കെതിരെ പാക്കിസ്ഥാനിലോ, അമേരിക്കയിലോ യാതൊരു കേസുമില്ല എന്നതാണ്.



ആഫിയയുടെ പിതാവ് ബ്രിട്ടീഷ് പരിശീലനം നേടിയ ഡോക്ടറായിരുന്നു. ആഫിയയുടെ സഹോദരൻ അമേരിക്കയിലെ ബോസ്റ്റണിൽ എഞ്ചിനിയറും, സഹോദരി ന്യൂയോർക്കിൽ ഡോക്ടറുമായി ജോലി ചെയ്തുവരികയായിരുന്നു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം മസാച്ചുസെറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽനിന്ന് ജീവശാസ്ത്രത്തിൽ ബിരുദം നേടിയ ആഫിയ, കോളേജ് വിദ്യാഭ്യാസകാലത്ത് ഇസ്‌ലാമിക രാഷ്ട്രീയത്തിൽ സജീവമായി. എന്നാൽ, വിവാഹത്തോടെ ആഫിയായുടെ പ്രവർത്തനങ്ങൾ നിലച്ചു.

ബോസ്റ്റണിൽ ജോലി ചെയ്തിരുന്ന യുവപാക്കിസ്ഥാനി ഡോക്ടർ മുഹമ്മദ് അജ്മദ് ഖാനായിരുന്നു ആഫിയയുടെ വരൻ. വിവാഹശേഷവും പഠനം തുടരാൻ തീരുമാനിച്ച ആഫിയ ബോസ്ണിനടുത്തുള്ള ബ്രാൻഡിസ് സർവ്വകലാശാലയിൽ പി.എച്ച്.ഡിക്ക് ചേർന്നു.

അല്പനാളുകൾക്കകം ഭർത്താവുമായി സ്വരചേർച്ചയില്ലാതെ വന്ന ആഫിയ വിവാഹമോചനത്തെക്കുറിച്ച് ചിന്തിക്കാനാരംഭിച്ചു. ആഫിയയ്ക്ക് തന്റെ മക്കളെ അമേരിക്കയിൽ തന്നെ പഠിപ്പിക്കുവാനായിരുന്നു താല്പര്യം. എന്നാൽ, ഭർത്താവിന് നേരെ മറിച്ചും. ഇത്തരമൊരു ഘട്ടത്തിലാണ് 2001 സെപ്തംബർ 11-ന് വേൾഡ് ട്രേഡ് സെന്റർ ആക്രമിക്കപ്പെടുന്നത്. അതോടെ അമേരിക്കയിലെ മുസ്‌ലിംകൾക്കു നേരെയുള്ള വംശീയ അക്രമങ്ങൾ വർദ്ധിച്ചു. പോരാത്തതിന് സെപ്തംബർ 11 മുമ്പ് എപ്പോഴോ നൈറ്റ് മിഷൻ സാധനങ്ങൾ വാങ്ങിക്കുമോയെന്ന ഭയവും കൂടിയിരുന്നു.

തിരികെ പാക്കിസ്ഥാനിൽ മടങ്ങിയെത്തിയ ആഫിയയും ഭർത്താവും നിയമപരമായിത്തന്നെ വേർപിരിഞ്ഞു. ഈ സമയത്ത് തന്റെ മൂന്നാമത്തെ കുഞ്ഞിനെ ഗർഭം ധരിച്ചിരിക്കുകയായിരുന്നു ആഫിയ. തുടർന്നാണ് ആഫിയ അപ്രത്യക്ഷയാകുന്നത്. തിരോധാനത്തെ തുടർന്ന് വ്യത്യസ്ത കഥകൾ പുറത്തുവന്നു. ആഫിയ ഒരു മൈക്രോബയോളജിസ്റ്റാണെന്നും ഇവർക്കും ഭർത്താവിനും അൽഖയ്ദ ബന്ധമുണ്ടെന്നും വാർത്ത പരന്നു. ന്യൂസ് വീക്ക് പോലുള്ള പത്രങ്ങൾ ഇങ്ങനെ റിപ്പോർട്ട് ചെയ്തു. അമേരിക്കയിലെ പെട്രോൾ സ്റ്റേഷനുകൾ തകർക്കാൻ പദ്ധതിയിട്ടിരുന്ന മജിദ് വാൺ എന്ന പാക്കിസ്ഥാൻകാരനുമായി ആഫിയക്ക് ബന്ധമുണ്ടെന്നായിരുന്നു മറ്റൊരു ആരോപണം. പിന്നീട് 2004-ൽ അക്കാലത്തെ എഫ്.ബി.ഐ. ഡയരക്ടർ റോബർട്ട് മുള്ളർ ആഫിയ സിദ്ദീഖി ചോദ്യം ചെയ്യപ്പെടേണ്ടവളാണെന്നും അവരെ പിടികൂടേണ്ടതുണ്ടെന്നും പറഞ്ഞിരുന്നു.

പിൽക്കാലത്ത് ആഫിയയുടെ പേര് ബന്ധപ്പെടുത്തിയത് ലൈബിരിയയിൽ അൽഖയ്ദ നടത്തിയ രത്നക്കല്ല് കച്ചവടവുമായാണ്. അൽഖയ്ദയുടെ ജൈവായുധ-രാസായുധ പരിപാടികൾക്ക് പണം സംഘടിപ്പിക്കാനായിരുന്നു ഈ ഉദ്യമം. എന്തായാലും ഊഹാപോഹങ്ങൾക്ക് വിരാമമിട്ടുകൊണ്ട് ആഫിയ ജീവനോടെയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്, ഇപ്പോൾ. ആഫിയയുടെ നേരെയുള്ള ആരോപണങ്ങൾക്ക് നേരിയ തെളിവുകൾ ലഭിച്ചതായി തെളിഞ്ഞില്ല. എന്നാലിപ്പോൾ പുതിയ ആരോപണമാണ് ആഫിയാ സിദ്ദീഖിക്കെതിരെ ഉയർത്തിയിട്ടുള്ളത്. അഫ്ഗാനിൽ യു.എസ്. തടവിൽ കഴിയവേ രക്ഷപ്പെടാൻ ശ്രമിച്ചപ്പോൾ ഒരു യു.എസ് സൈനിക ഉദ്യോഗസ്ഥനെ കൊല്ലാൻ ശ്രമിച്ചുവെന്നാണാരോപണം.

ഈ വനിതയ്ക്കെതിരെയുള്ള മനുഷ്യാവകാശലംഘനം വ്യാപകമായി അപലപിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, ഇതിനൊരനുബന്ധമായി പറയപ്പെടുന്നത് സപ്തംബർ 11-ന്റെ ബുദ്ധികേന്ദ്രമായ ഖാലിദ് ഷേക്ക് മുഹമ്മദിന്റെ കുടുംബത്തിലെ ഒരാൾ ആഫിയയെ പുനർവിവാഹം കഴിച്ച കഥയാണ്. ഇതും വിദൂരമായ ഒരു കാരണം മാത്രമാണ്. എന്തായാലും ആഫിയാ സിദ്ദീഖയുടെ തിരോധാനത്തിന് പിറകിലെ ദുരൂഹതകൾ വർദ്ധിച്ചുവരുന്നു.

# ചൊവ്വയിൽ ജീവനുണ്ടോ?

പ്രത്യേക ലേഖകൻ

**ന്യൂയോർക്ക്:** ചൊവ്വയിൽ ജീവനുണ്ടോ? ജീവന്റെ നിലനിൽപ്പിന് അനിവാര്യമായ ജലം ചൊവ്വയിലുണ്ടെന്ന് ഏറെക്കുറേ ഉറപ്പായിക്കഴിഞ്ഞു. ചൊവ്വയിലെത്തിയ നാസയുടെ പര്യവേഷണപേടകം ഫിനിക്സ് കുഴിച്ചെടുത്ത മണ്ണിലാണ് ജലസാന്നിധ്യം കണ്ടെത്തിയത്. ഐസ് രൂപത്തിലുള്ള ചൊവ്വയിലെ മണ്ണ് പേടകത്തിനകത്തുള്ള ലാബിൽ ചൂടാക്കിയപ്പോൾ ജലധൂളികൾ ഉരുകുകയും നീരാവി ഉയരുകയും ചെയ്തുവത്രേ.

കഴിഞ്ഞ മെയ് 25-ന് ചൊവ്വയിലിറങ്ങിയ ഫിനിക്സിന്റെ ദൗത്യം സെപ്തംബർ 30 വരെയായി നീട്ടിയിരുന്നു. ഫിനിക്സിലെ വ്യത്യസ്ത ഓവനുകളിൽ ജലം ചൂടാക്കാനുള്ള സൗകര്യമുണ്ട്. ആദ്യം ഫിനിക്സിന്റെ യന്ത്രകൈ കുഴിച്ചെടുത്ത ഐസ്കട്ടകൾ വലുപ്പമേറിയതുകൊണ്ട് ഓവനുകളിലേക്കെത്തിക്കാൻ സാധിച്ചിരുന്നില്ല. ഇതിനുമുമ്പേ തന്നെ ഒഡിസി, സ്പിരിറ്റ്, ഓപ്പർച്യൂണിറ്റി തുടങ്ങിയ ബഹിരാകാശ വാഹനങ്ങൾ ചൊവ്വയിൽ ജലസാന്നിധ്യം ഉണ്ടായിരിക്കുമെന്ന് കണ്ടെത്തിയിരുന്നു. എന്നാൽ, ചൊവ്വയിൽ ജലമുണ്ടെന്ന് കാണുക മാത്രമല്ല അതിനെ തൊട്ടറിയുന്നത് ഇതാദ്യമായാണ്. ചൊവ്വയിൽ നിന്നെടുത്ത മണ്ണിൽ കാർബണിന്റെ അംശം കണ്ടെത്താനാണിപ്പോൾ നാസയുടെ ശ്രമം. 50 കോടിയിലധികം ഡോളറാണ് ഫിനിക്സ് ദൗത്യത്തിന്റെ ചിലവ്.

Published by: P. Shefi Ahamed, North Ilaqa Qaid for Majlis Khuddamul Ahmadiyya. Chief Editor: Ashique Thotton, Editor: Shajir Ahamed, Kannur.